www.malankaralibrary.com

# ദൈവകാരുണ്യത്തോടുള്ള ഭക്തി

**യേശുവേ അങ്ങയിൽ ഞാൻ ശരണപ്പെടുന്നു.**



www.malankaralibrary.com

## ജോൺപോൾ രണ്ടാമൻ മാർപാപ്പായും വി. ഫൗസ്റ്റീനായും

1958 വരെ പ്രചാരത്തിലിരുന്ന ദൈവകാരുണ്യത്തിന്റെ ഭക്തിയും ദൈവകാരുണ്യത്തിന്റെ പടവും സഭ തൽക്കാലത്തേക്ക് നിരോധിക്കയുണ്ടായി. അന്നുകിട്ടിയ തെററായ റിപ്പോർട്ടനുസരിച്ചാണ് അപ്രകാരം സംഭവിക്കാനിടയായത്. വീണ്ടും അതിനെപ്പറ്റി പഠിച്ച് റിപ്പോർട്ടു സമർപ്പിക്കുവാൻ നിയമിതനായത് പോളണ്ടിൽ ക്രാക്കോ അതിരൂപതയുടെ ആർച്ചുബിഷപ്പായിരുന്ന കാർഡിനൽ കരോൾ ജോസഫ് വോയ്റ്റീല (ജോൺ പോൾ രണ്ടാമൻ മാർപാപ്പാ) ആയിരുന്നു. അദ്ദേഹം റോമിൽ സമർപ്പിച്ച റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ 1978 ഏപ്രിൽ 15 ന്, നേരത്തേയുണ്ടായിരുന്ന നിരോധം മാറ്റി, ദൈവത്തിന്റെ കാരുണ്യത്തോടുള്ള ഭക്തിയും പ്രാർത്ഥനയും പെരുന്നാളും നടത്താമെന്നും പടംവച്ച് വണങ്ങി ബഹുമാനിക്കാമെന്നും പോൾ ആറാമൻ മാർപാപ്പാ ശുപാർശ ചെയ്യുകയും ചെയ്തു. അതിൽ നമ്മുടെ കർത്താവുതന്നെ പറഞ്ഞുതന്നിരിക്കുന്ന പ്രാർത്ഥനകൾ നടത്തുന്നതിനും മററും ഇപ്പോഴത്തെ മാർപാപ്പാ വളരെയധികം പ്രോത്സാഹിപ്പിച്ചുകൊണ്ടുമിരിക്കുന്നു.

## വി. ഫൗസ്റ്റീനായുടെ ലഘുജീവചരിത്രം

1905 ആഗസ്റ്റ് 25-ാം തീയതി പോളണ്ടിൽ ഗ്ലോഗോമീസ് എന്ന ഗ്രാമത്തിൽ ഫൗസ്റ്റീനാ ജനിച്ചു. ഹെലൻ എന്ന പേരിൽ മാമോദീസാ മുക്കപ്പെട്ടു. കുടുംബപേര് കൊവാൽസ്ക്കി എന്നും. രണ്ടുവർഷത്തെ സാധാരണ വിദ്യാഭ്യാസത്തിനുശേഷം കൊവാൽസ്ക്കി കുടുംബത്തിന്റെ ദാരിദ്ര്യംമൂലം കുടുംബത്തെ സഹായിക്കുവാൻ ഹെലൻ, വീട്ടിൽനിന്നും അകലെയുള്ള ഒരു സ്ഥലത്ത് ജോലി അന്വേഷിച്ചു പോകേണ്ടിവന്നു. 20-ാം മത്തെ വയസ്സിൽ ദൈവത്തിന്റെ പ്രത്യേക അനുഗ്രഹത്താൽ ഹെലൻ, മഗ്ദലൻ സിസ്റ്റേഴ്സിന്റെ മഠത്തിൽ ചേർന്നു. ഒരു കന്യാസ്ത്രി ആകണമെന്നുള്ള അവളുടെ ആഗ്രഹത്തെ മാതാപിതാക്കൾ മൂന്നുപ്രാവശ്യം തടഞ്ഞെങ്കിലും പിന്നീടനുവദിക്കുകയുണ്ടായി. കന്യാസ്ത്രിയാകാനുള്ള വിദ്യാഭ്യാസയോഗ്യതയില്ലാത്തതിനാൽ

www.malankaralibrary.com

ഒരു തുണസഹോദരിയായിട്ടാണ് മഠത്തിൽ സ്വീകരിച്ചത്. 1928-ൽ ആദ്യത്തെ വ്രതവാഗ്ദാനം നടത്തി.

ദൈവത്തിന്റെ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ഒരാത്മാവ് എന്ന നിലയിൽ അസാധാരണമായ പലതും അവളിൽ സംഭവിച്ചു. അവളുടെ കുമ്പസാരക്കാരനായിരുന്ന സൊപ്പോക്കോ അച്ചന്റെ നിർദ്ദേശപ്രകാരം എഴുതി സൂക്ഷിച്ചിരുന്ന ഡയറിയിൽ, നമ്മുടെ കർത്താവിന്റെയും, ദൈവമാതാവിന്റെയും മാലാഖമാരുടെയും ദർശനമുണ്ടായിരുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. അവൾ ജീവിച്ചിരുന്ന കാലത്ത് അവൾക്കു ലഭിച്ചിരുന്ന ദർശന വിവരങ്ങളും, യേശുതമ്പുരാൻ കൊടുത്തിരുന്ന നിർദ്ദേശങ്ങളും മററും ഒരു നോട്ടുബുക്കിൽ എഴുതി സൂക്ഷിക്കുവാനുള്ള കർത്താവിന്റെ അരുളപ്പാട്, മഠത്തിലെ മദർ സുപ്പീരിയറിനും, കുമ്പസാരക്കാരനച്ചനുമല്ലാതെ മറ്റാരും അറിഞ്ഞിരുന്നില്ല. പത്തുവർഷത്തെ സന്യാസജീവിതത്തിനു ശേഷം 1938 ഒക്ടോബർ 5-ാം തീയതി ശ്വാസകോശസംബന്ധമായ രോഗംമൂലം, ദൈവത്താൽ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട് അജ്ഞാതയായിക്കഴിഞ്ഞിരുന്ന വി.ഫൗസ്റ്റീനാ തന്റെ ദൗത്യം നിറവേറ്റിയിട്ട്, നിത്യസമ്മാനത്തിനായി പറന്നുയർന്നു. 1966-ൽ വി.ഫൗസ്റ്റീനായുടെ മൃതശരീരം ക്രാക്കോലാ ജീവ്നികിലെ കോൺവെൻറ് ചാപ്പലിലേക്ക് മാററപ്പെട്ടു. വിശുദ്ധയുടെ നിർദ്ദേശപ്രകാരം ചിത്രീകരിച്ച കാരുണ്യവാനായ യേശുവിന്റെ പടം കാണാനും, അവളുടെ കബറിടത്തിൽ പ്രാർത്ഥിച്ചനുഗ്രഹം പ്രാപിക്കുവാനുമായി ഇന്നും ധാരാളം പേർ തീർത്ഥാടകരായി പോകുന്നുണ്ട്. അവളുടെ മരണശേഷം ദൈവകാരുണ്യത്തിന്റെ ഭക്തി പ്രചരിക്കുവാൻ തുടങ്ങി. ഇന്നു കോടിക്കണക്കിനു വിശ്വാസികൾ വി.ഫൗസ്റ്റീനാവഴി കാരുണ്യവാനായ യേശുനാഥൻ വെളിപ്പെടുത്തിത്തന്ന അടിയന്തരസന്ദേശം വിശ്വസിക്കുകയും അവിടുന്ന് പറഞ്ഞുകൊടുത്ത് എഴുതിപ്പിച്ച പ്രാർത്ഥനകൾ മുടങ്ങാതെചൊല്ലി ധന്യരാകുകയും ചെയ്യുന്നുണ്ട്. ഈ ദൈവ കാരുണ്യത്തിന്റെ ഭക്തിയിലൂടെ അനേകം കഠിനപാപികൾ, ലോകത്തിന്റെ നാനാഭാഗങ്ങളിൽ

www.malankaralibrary.com

മാനസാന്തരപ്പെട്ടുകൊണ്ടിരിക്കുന്നുവെന്നുള്ള വസ്തുത ആരും മറക്കാതിരിക്കുക.

## പോളണ്ടിന്റെ ഭാഗധേയം

ഒരു രാജ്യത്തെ, അതിന്റെ തിന്മ അതിനെ എത്രമാത്രം ശിക്ഷയിലേയ്ക്കും അധഃപതനത്തിലേക്കും നയിക്കുന്നുവെന്നു ചിന്തിക്കവേ, വി.ഫൗസ്റ്റീനാ 1938-ൽ ഇപ്രകാരം എഴുതിവച്ചു :- ഏററവും വലിയ ശിക്ഷകളായി ദൈവം നമ്മുടെ രാജ്യത്തെ സന്ദർശിച്ചാലും, അതും അവിടത്തെ വലിയ കരുണയായി ഞാൻ കാണുന്നു. കാരണം നമ്മളുടെ വലിയ തിൻമമൂലം അവിടുത്തേക്ക് നമ്മേ നീതിയോടെ നിത്യനാശത്തിലേക്ക് തള്ളിക്കളയുവാൻ കഴിയുന്നതിനാൽ. (ഡയറി നമ്പർ V പേജ് 120) എന്നാൽ വിശുദ്ധയുടെ മരണത്തിന് അല്പം മുമ്പ് പോളണ്ടിനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കയിൽ കർത്താവിൽ നിന്നും ഇപ്രകാരം കേട്ടു :- "പോളണ്ട് എന്നോട് അനുസരണയുള്ളവളാണെങ്കിൽ അവളെ ഞാൻ എന്റെ പ്രത്യേകസ്നേഹത്താൽ അനുഗ്രഹിക്കും. ശക്തിയിലും പരിശുദ്ധിയിലും ഞാൻ അവളെ ഉയർത്തും. എന്റെ അവസാനത്തെ വരവിന് ലോകത്തെ ഒരുക്കുന്നതിനുള്ള തീപ്പൊരി അവളിൽ നിന്നും വരും. (ബുക്ക് IV പേജ് 93) വിശുദ്ധയുടെ മരണശേഷം, ഒരു വർഷം തികയുന്നതിനുമുൻപ് പോളണ്ടിന്റെ നാശം കണ്ടുതുടങ്ങി. രണ്ടാം ലോകമഹായുദ്ധം ആരംഭിച്ചു. പോളണ്ട് ആക്രമിക്കപ്പെട്ടു. ഭയങ്കര യുദ്ധകാലത്ത് ദൈവകാരുണ്യത്തോടുണ്ടായിരുന്ന ഭക്തി അനേകർക്ക് ശക്തിയുടേയും, പ്രതീക്ഷയുടേയും പരിചയായിരുന്നു. പോളണ്ടിലുടനീളമുള്ള പട്ടണങ്ങൾ തകർന്നു. അതേസമയം കർത്താവിന്റെ കാരുണ്യത്തോടുള്ള ഭക്തി എവിടെ നിന്നാരംഭിച്ചുവോ, എവിടെയെല്ലാം കർത്താവിന്റെ കാരുണ്യത്തിന്റെ ഛായാപടം വച്ചു പരസ്യമായി വണങ്ങി ബഹുമാനിച്ചുവോ, അതായത് വിൽനോ, ക്രാക്കോ മുതലായ നഗരങ്ങൾ ഒരു പോറൽ പോലും ഏൽക്കാതെ പ്രത്യേകമായി സംരക്ഷിക്കപ്പെട്ടു. ദൈവകാരുണ്യഭക്തി ഇതോടുകൂടി

www.malankaralibrary.com

ശീഘ്രത്തിൽ പ്രചരിക്കുവാൻ തുടങ്ങി. പോളണ്ടിലെ എല്ലാ ജയിലുകളിലും കർത്താവിനോടുള്ള കാരുണ്യഭക്തി എത്തി. എല്ലാ സീമകളേയും അതിലംഘിച്ച് പ്രചരിക്കുവാൻ തുടങ്ങി. പോളണ്ടിൽ നിന്നും മററുപല രാജ്യങ്ങളിലേയ്ക്കും അഭയാർത്ഥികളായിപോയവർ കർത്താവിന്റെ കാരുണ്യഭക്തി ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലുമെത്തിച്ചു.

## വി. ഫൗസ്റ്റീനായുടെ ഡയറിക്കുറിപ്പ്

വി.ഫൗസ്റ്റീനായുടെ ആദ്ധ്യാത്മിക പിതാവിന്റെ നിർദ്ദേശപ്രകാരവും കർത്താവിന്റെ ആജ്ഞാനുസരണവും വിശുദ്ധയ്ക്കു ലഭിച്ച ദർശനങ്ങളിലൂടെ യേശുനാഥൻ അരുളിച്ചെയ്തതെല്ലാം ആറു നോട്ടുബുക്കുകളിലായിട്ടാണ് എഴുതി സൂക്ഷിച്ചിരുന്നത്. ഡയറിക്കുറിപ്പിൽ നിന്നും എടുത്തെഴുതുമ്പോൾ, ഏതു ബുക്കിൽ നിന്നെന്നു കാണിക്കുവാൻ അതിന്റെ നമ്പരും പേജും ബ്രാക്കറ്റിൽ ചേർത്തിരിക്കുന്നു. (ഉദാ. ബുക്ക് നമ്പർ V പേജ് 15) അങ്ങനെ യേശുനാഥൻ വി.ഫൗസ്റ്റീനാവഴി നമുക്കു നൽകിയ അടിയന്തിരസന്ദേശം മനസ്സിലാക്കാവുന്നതാണ്.

## കരുണയെ സംബന്ധിക്കുന്ന യേശുവിൻെറ നിരവധി സന്ദേശങ്ങൾ

മുൻപറഞ്ഞപ്രകാരം നോട്ടുബുക്കിൽ എഴുതി സൂക്ഷിച്ചിരുന്നവയിൽ പ്രാധാന്യമർഹിക്കുന്ന സന്ദേശങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.

"മനുഷ്യവർഗ്ഗം വിശ്വാസത്തോടെ എന്റെ കാരുണ്യത്തിലേക്ക് തിരിയാത്തപക്ഷം സമാധാനം കണ്ടെത്തുകയില്ല. രോഗാവസ്ഥയിലായിരിക്കുന്ന മനുഷ്യവർഗ്ഗത്തോടു പറയുക,

www.malankaralibrary.com

എന്റെ കാരുണ്യത്തിന്റെ ഹൃദയത്തിലേക്ക് തിരിച്ചുവരുവാൻ. സമാധാനം കൊണ്ടു അതിനെ ഞാൻ നിറയ്ക്കാം.''
(ബുക്ക് 1 പേജ് 130)

''ഏറ്റവും വലിയ പാപിയ്ക്കാണ് എന്റെ കാരുണ്യത്തിൽ ശരണപ്പെടുന്നതിനുള്ള ഏറ്റവും വലിയ അവകാശം. എന്റെ കരുണ യാചിക്കുന്ന ആത്മാവ് പറഞ്ഞറിയിക്കാൻ സാധിക്കാത്ത തരത്തിലുള്ള ആനന്ദം എനിക്കു പ്രദാനം ചെയ്യുന്നു. ആത്മാവിന്റെ പ്രതീക്ഷയിൽ കവിഞ്ഞുള്ള കൃപാവരം ഞാൻ അതിനു നൽകുന്നു. എന്റെ കരുണയിലേക്കും അനുകമ്പയിലേക്കും തിരിച്ചുവരുന്ന ഒരാത്മാവ് എത്ര വലിയ പാപത്തിൽ വീണുപോയാലും അതിനെ ശിക്ഷിക്കുവാൻ എനിക്കു സാധിക്കത്തില്ല. എന്റെ ആഴമേറിയതും അചിന്ത്യവുമായ കരുണയാൽ ഞാൻ അതിനെ രക്ഷിക്കും.
(ബുക്ക് നമ്പർ III പേജ് 39).

''എഴുതുക: ക്ലേശങ്ങൾ അസംഖ്യങ്ങളായിരുന്നാലും അതിനേക്കാൾ ശക്തമായിരിക്കും എന്റെ കാരുണ്യത്തിനുള്ള അവകാശം. എന്റെ അചിന്ത്യവും ആഴവുമേറിയതുമായ കരുണയിലാശ്രയിക്കുന്നതിന് എല്ലാ ആത്മാക്കളേയും ക്ഷണിക്കുക. കുരിശിൽവച്ച് എല്ലാ ആത്മാക്കൾക്കായും എന്റെ കരുണയുടെ കിണർ കുന്തത്താൽ അതിവിശാലമായി കുത്തിത്തുറക്കപ്പെട്ടു. ഞാൻ ആരെയും നിരാകരിക്കുന്നില്ല.''
(ബുക്ക് നമ്പർ II പേജ് 230).

''ലോകം മുഴുവനും എന്റെ കരുണയെപ്പറ്റി അറിയണമെന്ന് ഞാൻ ആഗ്രഹിക്കു ന്നു. എന്റെ കരുണയിലാശ്രയിക്കുന്നവർക്ക് പറഞ്ഞറിയിക്കുവാൻ വഹിയാത്ത അനുഗ്രഹങ്ങൾ വർഷിച്ചുകൊടുക്കും. ഞാൻ കരുണയും സ്നേഹവുമാണെന്ന് സമസ്തലോകവും അറിയട്ടെ! എന്റെ  അടുക്കൽ വരുവാൻ പാപി ഭയപ്പെടരുത്.'' (ബുക്ക് നമ്പർ II പേജ് 129)

www.malankaralibrary.com

"വൈദികർ എന്റെ കാരുണ്യത്തെപ്പറ്റി പാപികളായ ആത്മാക്കളോട് പ്രസംഗിക്കണമെന്നും ഞാനാഗ്രഹിക്കുന്നു."
(ബുക്ക് നമ്പർ V പേജ് 115)

"ആത്മാക്കളുടെ ശരണമില്ലായ്മ എന്റെ ഹൃദയത്തെ കീറിമുറിക്കുന്നു. തെരഞ്ഞെടുക്കപ്പെട്ട ആത്മാക്കളിലുള്ള വിശ്വാസരാഹിത്യം എന്നെ അങ്ങേയറ്റം വേദനിപ്പിക്കുന്നു. എന്റെ ഒരിക്കലും അവസാനിക്കാത്ത സ്നേഹമുണ്ടായിരുന്നിട്ടും അവരിൽ അനേകംപേർ എന്നിൽ ആശ്രയിക്കുന്നില്ല. എന്റെ എല്ലാ സൃഷ്ടികളുടേയും വിശ്വാസം ഞാൻ ആഗ്രഹിക്കുന്നു .
(ബുക്ക് നമ്പർ II 19, ബുക്ക് III 21)

"ഏതു ബലഹീനവും പാപത്താൽ നിറഞ്ഞിരിക്കുന്നതുമായ ആത്മാവ്, അതിൻറ പാപങ്ങൾ ഭൂമിയിലെ മണൽത്തരികൾപോലെ അസംഖ്യങ്ങളായിരുന്നാലും എന്റെ പക്കൽ വരുവാൻ ഭയപ്പെടരുത്. എന്റെ അത്യഗാധമായ കാരുണ്യത്തിന്റെ കുഴിയിൽ അവയെല്ലാം മാഞ്ഞുപോകുന്നതാണ്.''
(ബു. II പേജ് 19)

യേശു ഫൗസ്റ്റീനായോടു പറഞ്ഞു "നീ കുമ്പസാരിക്കുവാൻ പോകുമ്പോൾ ഇതറിഞ്ഞിരിക്കട്ടെ. ഞാൻ തന്നെ വന്നു കുമ്പസാരക്കൂട്ടിൽ നിനക്കുവേണ്ടി കാത്തിരിക്കും. ഞാൻ വൈദികനിൽ മറഞ്ഞിരിക്കുന്നു എങ്കിലും ഞാൻ തന്നെയാണ് ആത്മാവിൽ പ്രവർത്തിക്കുന്നത്. ഇവിടെ ആത്മാവിന്റെ വിലാപം, ക്ലേശം, കഷ്ടതകൾ, ദുഃഖങ്ങൾ എന്നിവ, കരുണയുടെ ദൈവത്തെ കണ്ടുമുട്ടുന്നു. ആത്മാക്കളോടു പറയുക:- ദൈവത്തിന്റ കാരുണ്യത്തിന്റെ അരുവിയിൽനിന്നും അനുഗ്രഹങ്ങൾ കോരിയെടുക്കുന്നത്, ശരണമാകുന്ന കുടത്താൽ മാത്രമാണെന്ന്. അവരുടെ ശരണം വലുതായിരുന്നാൽ എന്റെ ഔദാര്യത്തിന് യാതൊരു അതിരുമുണ്ടായിരിക്കയില്ല." (ബു. IV പേജ് 6-7)

www.malankaralibrary.com

"എന്റെ കാരുണ്യത്തെപ്പറ്റി പ്രസംഗിക്കുന്ന വൈദികർക്ക് ഞാൻ അത്ഭുതകരമായ ശക്തിനല്കുകയും അവരുടെ വാക്കുകളെ ഞാൻ അഭിഷേചിക്കുകയും അവർ ആരോട് സംസാരിക്കുന്നുവോ, അവരുടെ ഹൃദയങ്ങളെ ഞാൻ സ്പർശിക്കുകയും ചെയ്യും." (ബു. V പേജ് 115)

"വിശ്വാസത്തോടെ എന്റെ കരുണയിലേക്കു തിരിച്ചുവരുന്നതുവരെ ഒരാത്മാവും നീതീകരിക്കപ്പെടുകയില്ല." (ബു. II പേജ് 30-40)

"പഴയനിയമകാലത്ത് ഞാൻ എന്റെ ജനങ്ങളുടെ പക്കലേക്ക് പ്രവാചകന്മാരെ അയച്ചിരുന്നത് ഇടിമിന്നലുകളോടെയായിരുന്നു. എന്നാൽ ഇന്ന് ഞാൻ എന്റെ ജനങ്ങളുടെ പക്കലേക്ക് നിന്നെ അയക്കുന്നത് എന്റെ കരുണയും കൊണ്ടാണ്." (ബു. V പേജ് 155)

"ഈ കരുണയുടെ നൊവേനയിൽ കൂടെ ആത്മാക്കൾ എന്തെല്ലാം അനുഗ്രഹങ്ങൾ ചോദിച്ചാലും അവയെല്ലാം ഞാൻ അവർക്കു കൊടുക്കും." (ബു. II പേജ് 197)

ഈ സന്ദർഭത്തിൽ മറ്റൊരു ഭക്താത്മാവായ ജോസഫിയ മെനൻസിനോട് നമ്മുടെ കർത്താവ് ഇപ്രകാരം പരാതിപ്പെട്ടു:- "അനേകർ എന്നിൽ വിശ്വസിക്കുന്നുണ്ടെങ്കിലും കുറച്ചുപേർ മാത്രമേ എന്റെ സ്നേഹത്തിൽ വിശ്വസിക്കുന്നുള്ളു. അങ്ങനെ എന്റെ സ്നേഹത്തിൽ വിശ്വാസമർപ്പിക്കുന്നവരിൽ കുറച്ചുപേർ മാത്രമേ എന്റെ കരുണയിൽ ആശ്രയിക്കുന്നുള്ളു. അവർ എന്നെ അവരുടെ ദൈവമായി അംഗീകരിക്കുന്നുണ്ടെങ്കിലും, കുറച്ചുപേർ മാത്രമേ അവരുടെ പിതാവായി എന്നിൽ ശരണപ്പെടുന്നുള്ളു."

## യേശുനാഥനും ദൈവമാതാവും വി. ഫൗസ്റ്റീനാ വഴി ലോകത്തിനു മുന്നറിയിപ്പുനൽകുന്നു

www.malankaralibrary.com

മുകളിൽ വിവരിച്ച, ദൈവത്തിന്റെ അനന്ത കാരുണ്യത്തെപ്പറ്റിയുള്ള വാഗ്ദാനം എത്രയും അടിയന്തിരമായ ഒന്നായി കണക്കിലെടുക്കുവാൻ യേശുനാഥൻ ആവശ്യപ്പെടുകയാണ്. പൊട്ടിപ്പുറപ്പെടുവാൻ പോകുന്ന ശിക്ഷാനടപടികൾക്കു മുമ്പായി, കിട്ടിയിരിക്കുന്ന സമയത്തിനുള്ളിൽ അവിടത്തെ അനന്തകാരുണ്യത്തിന്റെ ആനുകൂല്യം കരസ്ഥമാക്കുവാൻ  കരുണാമയനായ കർത്താവ് എല്ലാ ആത്മാക്കളോടും യാചിക്കുകയാണ്. (ഇവിടെ "begging" എന്ന വാക്കുതന്നെയാണ് കർത്താവ് ഉപയോഗിച്ചിരിക്കുന്നത്) അവിടുന്നു വി.ഫൗസ്റ്റീനായോടു പറഞ്ഞു:-"എഴുതുക ഈ വാക്കുകൾ':- ലോകത്തോട് എന്റെ  കരുണയെപ്പാറി സംസാരിക്കുക, ഇത് എത അഗ്രാഹ്യമായ സംഗതിയാണെന്ന് അത് അറിയട്ടെ."

ലോകത്തിൻറ അന്ത്യനാളുകൾ അടുത്ത വരുന്നു എന്നതിന്റെ അടയാളമായിരിക്കുമിത്. അതിനുശേഷം ന്യായവിധിയുടെ ദിവസം സമാഗതമാകും. ഞാൻ നീതിയുടെ ന്യായാധിപനായി വരുന്നതിനുമുൻപ്, ആദ്യമായി കരുണയുടെ രാജാവായി എന്നെത്തന്നെ വെളിപ്പെടുത്തും. കരുണയുടെ വാതിലിൽ കൂടി പ്രവേശിക്കുവാൻ ശ്രമിക്കാത്തവർ, നീതിയുടെ വാതിലിൽ കൂടി പ്രവേശിക്കേണ്ടിവരും. ഇപ്പോൾ എന്റെ കരുണയുടെ സമയം നീട്ടിത്തരുന്നു. എന്റെ സന്ദർശനത്തിന്റെ സമയം ഗ്രഹിക്കാത്തവന് അയ്യോ ദുരിതം !''

(Woe to him who does not RECOGNISE THE TIME OF MY VISITATION)
(ബു. V പേജ് 115, ബു. II പേജ് 230)

"നീതിയുടെ ആ ദിവസം വരുന്നതിന് മുമ്പായി സ്വർഗ്ഗത്തിൽ ഒരടയാളം ഉണ്ടാകും. സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകല പ്രകാശങ്ങളും അണഞ്ഞുപോകും. അപ്പോൾ ആകാശത്തിൽ ഒരു കുരിശ് പ്രത്യക്ഷമാകും. ഹ്രസ്വമായ ഒരു സമയത്തേക്ക്

www.malankaralibrary.com

എന്റെ  കൈകളിലും പാദങ്ങളിലുമുള്ള മുറിവുകളിൽ നിന്ന് കത്തിജ്വലിക്കുന്ന പ്രകാശധാര പുറപ്പെട്ട് ഭൂമിയെ പ്രകാശമാനമാക്കും. അവസാന ദിവസത്തിനു മുമ്പുള്ള ഒരു ചെറിയ സമയമായിരിക്കുമിത്."
(ബു.  IV 30, ബു. III/39)

1936-ൽ നമ്മുടെ പരിശുദ്ധ ദൈവമാതാവ് വി.ഫൗസ്റ്റീനായോടുപറഞ്ഞു:- "എന്റെ  മകളേ, ലോകത്തിന് ഞാൻ ഒരു രക്ഷകനെ നൽകി. നീ അവിടത്തെ കാരുണ്യത്തെപ്പറ്റി പ്രഖ്യാപിക്കുകയും അവിടത്തെ രണ്ടാമത്തെ വരവിനായി അതിനെ ഒരുക്കുകയും ചെയ്യണം. അപ്പോൾ അവിടുന്നു കരുണയുടെ രക്ഷകനായിട്ടല്ലാ വരുന്നത്, പ്രത്യുത നീതി ന്യായാധിപനായിട്ടായിരിക്കും. അത് നടുക്കത്തിന്റെ ദിവസമായിരിക്കും. അത് നിർണ്ണായകമായ നീതിയുടെ ദിവസമായിരിക്കും. അതു ദൈവകോപത്തിന്റെ ദിവസമായിരിക്കും. അതിന്റെ മുൻപിൽ മാലാഖാമാർ ഭയന്നുവിറക്കും. ലഭ്യമായിരിക്കുന്ന ഈ സമയത്തിനുള്ളിൽ കർത്താവിന്റെ അനന്തകാരുണ്യത്തെപ്പറ്റി ആത്മാക്കളോടു നീ സംസാരിക്കണം. ഇപ്പോൾ നീ മൗനം പാലിച്ചാൽ അന്തിമ നാളിൽ അനേകം ആത്മാക്കളുടെ കണക്ക് നിനക്ക് കൊടുക്കേണ്ടിവരും. ഒന്നും ഭയപ്പെടാതിരിക്കുക. അവസാനംവരെ വിശ്വസ്തയായിരിക്കുക"

## ദൈവത്തിന്റെ കാരുണ്യഭക്തി എങ്ങനെ പ്രചരിപ്പിക്കാം

വി.ഫൗസ്റ്റീനായ്ക്ക് നമ്മുടെ കർത്താവു പറഞ്ഞുകൊടുത്ത കാര്യങ്ങൾ പ്രധാനമായി നാലാണ്.

1. കാരുണ്യവാനായ യേശുവിന്റെ ഛായാ പടം വച്ചു ബഹുമാനിക്കുക.
2. ദൈവകാരുണ്യപ്പെരുന്നാൾ ആഘോഷി ക്കുക.
3. കാരുണ്യത്തിന്റെ ജപമാല ചൊല്ലുക.
4. കാരുണ്യത്തിന്റെ നൊവേന ചൊല്ലുക.

യേശുനാഥൻ തന്റെ കാരുണ്യത്തോടുള്ള ഭക്തി ലോകമെങ്ങും പ്രചരിപ്പിക്കുവാനും പരിപോഷിപ്പിക്കുവാനും പ്രായോഗികമാക്കിത്തീർക്കാനും തന്ന നാലു മാർഗ്ഗങ്ങളാണ് മുകളിൽ കാണിച്ചത്.

## I കാരുണ്യവാനായ യേശുവിൻറ ഛായാപടം

കാരുണ്യവാനായ യേശുവിന്റെ ദർശനം നടന്നത് 1931 ഫെബ്രുവരി 22-ാം തീയതിയാണ്. വി.ഫൗസ്റ്റീന അതിനെ ഇങ്ങനെ വിവരിക്കുന്നു:-

**ഒരു സായം കാലത്താണ് ഇതു സംഭവിച്ചത്. ഞാൻ എന്റെ മുറിയിലിരിക്കുമ്പോൾ വെള്ളയങ്കിധരിച്ച യേശുവിനെയാണ് കണ്ടത്. അവിടത്തെ ഒരു കരം ഉയർത്തി ആശീർവദിക്കുകയും മറേറക്കരം നെഞ്ചോടുചേർത്ത് അങ്കിയിൽ സ്പർശിച്ചിരുന്നു. ഹൃദയഭാഗത്തുനിന്നും രണ്ടു പ്രകാശക്കതിരുകൾ, ഒന്ന് ചുവന്നതും, മറേറത് വെള്ളനിറമുള്ളതായും പുറപ്പെട്ടുവരുന്നതായി കണ്ടു.** നിശ്ശബ്ദതയിൽ ഞാൻ കർത്താവിനെ ധ്യാനിച്ചിരുന്നു. എന്റെ ആത്മാവ് ഭയന്നിരുന്നെങ്കിലും ആനന്ദം കൊണ്ട് നിറഞ്ഞിരുന്നു. അല്പം കഴിഞ്ഞ് കർത്താവെന്നോട് പറഞ്ഞു ദർശനത്തിൽ കാണുന്ന രീതിയിൽ എന്റെ ഛായാപടം വരച്ച് അതിൽ ഇപ്രകാരം എഴുതണം "യേശുവേ, അങ്ങയിൽ ഞാൻ ശരണപ്പെപ്പെടുന്നു."

ഈ ഛായാപടം ആദ്യം നിന്റെ ചാപ്പലിലും, പിന്നീട് ലോകത്തെമ്പാടും വച്ച് വണങ്ങണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. (ബുക്ക് I പേജ് 130-138, 18.)

ഈ നിർദ്ദേശത്തോടൊപ്പം നമ്മുടെ രക്ഷകൻ നല്കിയ രണ്ടു വാഗ്ദാനങ്ങൾ കൂടി വി.ഫൗസ്റ്റീനാ രേഖപ്പെടുത്തിയിരിക്കുന്നു. "ഈ ഛായാപടം വച്ച് ബഹുമാനിക്കുന്ന ആത്മാവ് നശിച്ചുപോകത്തില്ലെന്ന് ഞാൻ വാഗ്ദാനം ചെയ്യുന്നു. കൂടാതെ

www.malankaralibrary.com

അങ്ങനെ ചെയ്യുന്ന ആത്മാവ് ഈ ലോകത്തുവച്ചും പ്രത്യേകിച്ച് മരണസമയത്തും അതിന്റെ എല്ലാ ശത്രുക്കളുടെയും മേൽ വിജയം വരിക്കുമെന്നും വാഗ്ദാനം ചെയ്യുന്നു. ഞാൻ തന്നെ ആ ആത്മാവിനെ എന്റെ സ്വന്തം മഹത്വമെന്ന നിലയിൽ നിലനിർത്തിക്കൊള്ളും."

വീണ്ടും ദിവ്യനാഥൻ അരുളിച്ചെയ്തു: "ഈ ഛായാപടം സ്ഥാപിച്ചിരിക്കുന്ന കുടുംബങ്ങളേയും പട്ടണങ്ങളെയും ഞാൻ സംരക്ഷിക്കും'". ഈ പ്രത്യേക സംരക്ഷണത്തിന്റ തെളിവ് എന്ന നിലയിൽ പോളണ്ടിലെ രണ്ടു നഗരങ്ങളായ ക്രാക്കോയും, വിൽനോയും രണ്ടാം ലോകമഹായുദ്ധത്തിൽ യാതൊരു കുഴപ്പവും കൂടാതെ സംരക്ഷിക്കപ്പെട്ടു. ഈ രണ്ട് നഗരങ്ങളിലും സഭാധികാരികളുടെ പ്രത്യേക അനുവാദത്തോടുകൂടെ യേശുവിന്റെ കാരുണ്യത്തിന്റെ ഛായാചിത്രങ്ങൾ വച്ച് പരസ്യമായി വണങ്ങിയിരുന്നു. ഇവ രക്ഷിക്കപ്പെട്ടത് കർത്താവിന്റെ ദർശനത്തിൽ ആവശ്യപ്പെട്ടതനുസരിച്ച് പടംവച്ച് വണങ്ങിയതിനാലാണെന്ന് വിശ്വസിക്കപ്പെടുന്നു.

## II ദൈവകാരുണ്യത്തിന്റെ പെരുന്നാൾ

1934 ജൂലയ് മാസത്തിൽ യേശു വി. ഫൗസ്റ്റീനായോട് പറഞ്ഞു കാരുണ്യത്തിന്റെ ഈ പെരുന്നാൾ എല്ലാവർഷവും ഉയിർപ്പുപെരുന്നാളിനുശേഷം വരുന്ന ആദ്യത്തെ ഞായറാഴ്ച (പുതുഞായർ) ആചരിക്കണമെന്ന്. "എന്റെ മകളെ എന്റെ അഗ്രാഹ്യമായ കാരുണ്യത്തെപ്പറ്റി സമസ്ത ലോകത്തോടും സംസാരിക്കുക. എല്ലാ ആത്മാക്കൾക്കും പ്രത്യേകിച്ചു പാവപ്പെട്ട ആത്മാക്കൾക്കും ഈ തിരുനാൾ അഭയവും സംരക്ഷണവുമായിതീരുവാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ കരുണയുടെ ആഴക്കടൽ അന്നേദിവസം ഞാൻ തുറന്നുതരും. എന്റെ കരുണയുടെ ഉറവയിലേയ്ക്ക് വരുന്ന

www.malankaralibrary.com

ആത്മാക്കളുടെമേൽ ഞാൻ പ്രസാദവരത്തിന്റെ വൻകടൽ തന്നെ ഒഴുക്കിക്കൊടുക്കും. അന്നേദിവസം കുമ്പസാരിച്ച് വി. കുർബാന സ്വീകരിക്കുന്ന പാപികൾക്ക് പരിപൂർണ്ണ പാപമോചനവും, അവർ അർഹിക്കുന്നപ്രകാരം ശിക്ഷകളിൽനിന്നുള്ള വിടുതലുകളും ലഭിക്കും. ഒരാത്മാവുപോലും അതിന്റെ പാപം എത്ര കടുംചുവപ്പായിരുന്നാലും എന്നെ സമീപിക്കുവാൻ ഭയപ്പെടരുതെന്ന്" കർത്താവു കല്പിച്ചു.
(ബു. I പേ. 175; ബു. II പേ.138)

കാരുണ്യവാനായ കർത്താവിന്റെ മഹത്തായ ഈ വാഗ്ദാനമനുസരിച്ച് അവിടുന്ന് എല്ലാ ആത്മാക്കൾക്കും ഓരോ വർഷവും പുതിയ മാമോദീസാ നൽകുന്നു. ശുദ്ധീകരണത്തിനുള്ള ഒരു സുവർണ്ണാവസരമാണ് ഈ 'മാമോദീസാ'. അതായത്, കഴിഞ്ഞകാല ജീവിതം എങ്ങനെയായിരുന്നാലും ഈ ആനുകൂല്യമനുസരിച്ച് വി. കുർബാന സ്വീകരിച്ചതിനു ശേഷം വീണ്ടും പാപത്തിൽ വീഴാതെ മരിക്കുന്നപക്ഷം ശുദ്ധീകരണസ്ഥലത്ത് പോകാതെ നേരിട്ടു സ്വർഗ്ഗത്തിലേയ്ക്ക് പോകുന്നതാണെന്ന് കർത്താവ് വാഗ്ദാനം ചെയ്യുന്നു. ഈ വാഗ്ദാനത്തിന്റെ അർത്ഥം മറ്റൊന്നുമല്ലെന്ന് വിചാരിക്കാം. ദൈവത്തിന്റെ അനന്തകാരുണ്യവും അവിടത്തേയ്ക്ക് പാപികളോടുള്ള അതിരറ്റ സ്നേഹവും അത്രമാത്രമാണ്.

## III ദൈവകാരുണ്യ ജപമാല

1935 സെപ്റ്റംബർ 13, 14 തീയതികളിൽ ദൈവത്തിന്റെ കാരുണ്യത്തെ വിളിച്ചപേക്ഷിക്കുന്ന പ്രാർത്ഥനയുടെ ഫലം വി.ഫൗസ്റ്റീനായ്ക്ക് നമ്മുടെ കർത്താവ് കാണിച്ചുകൊടുത്തു. കാരുണ്യജപമാല പ്രാർത്ഥന ചൊല്ലേണ്ട രീതിയും പറഞ്ഞു കൊടുത്തു. സൗകര്യപ്പെടുമ്പോഴെല്ലാം, നീ ഈ പ്രാർത്ഥന ചൊല്ലണം" സാധാരണ ജപമാല ഉപയോഗിച്ചുകൊണ്ട് ഈ അനുഗ്രഹ ജപമാല ചൊല്ലാവുന്നതാണ്.

### ചൊല്ലേണ്ട രീതി :

www.malankaralibrary.com

ആദ്യമായി 'സ്വർഗ്ഗസ്ഥനായ പിതാവേ' 'നന്മനിറഞ്ഞ മറിയമേ' 'വിശ്വാസപ്രമാണം' എന്നിവ ചൊല്ലുക. ലോകം മുഴുവന്റെയും നമ്മുടെയും പാപപരിഹാരത്തിനായി ഇവ ചൊല്ലുക.

## വലിയ മണികളിൽ

"നിത്യപിതാവേ, അങ്ങയുടെ വത്സലപുത്രനും ഞങ്ങളുടെ കർത്താവും രക്ഷകനുമായ ഈശോമിശിഹായുടെ തിരുശരീരവും തിരുരക്തവും, ആത്മാവും ദൈവത്വവും, ഞങ്ങളുടെയും ലോകമൊക്കെയുടേയും പാപപരിഹാരത്തിനായി നിനക്ക് ഞാൻ കാഴ്ചവയ് ക്കുന്നു".

## ചെറിയ മണികളിൽ

യേശുവിന്റെ അതിദാരുണമായ പീഡകളെ പ്രതി ഞങ്ങളുടെയും ലോകമൊക്കെയുടേയും മേൽ കൃപയായിരിക്കേണമേ.
(പത്തു പ്രാവശ്യം ചൊല്ലുക.)

അവസാനം (അഞ്ചുദശകങ്ങളും കഴിഞ്ഞ്).
"പരിശുദ്ധനായ ദൈവമേ,
പരിശുദ്ധനായ ബലവാനേ,
പരിശുദ്ധനായ അമർത്യനേ,
ഞങ്ങളോടു ദയയായിരിക്കണമേ."

വേറൊരവസരത്തിൽ കർത്താവ് വി. ഫൗസ്റ്റീനായോട്, ഈ പ്രാർത്ഥന തനിക്കെത്രയും ഇഷ്ടമുള്ളതാണെന്ന് വെളിപ്പെടുത്തി. ഈ അനുഗ്രഹ ജപമാല ചൊല്ലുന്നയാളിനു വളരെയധികം ദൈവാനുഗ്രഹം ലഭിക്കുന്നതാണ്. ജീവിതകാലത്തും പ്രത്യേകിച്ച് മരണസമയത്തും എന്റെ കരുണ ആ വ്യക്തിയെ സംരക്ഷിക്കുകയും ആശ്ലേഷിക്കുകയും ചെയ്യും. രക്ഷപ്രാപിക്കുവാനുള്ള അവസാന മാർഗ്ഗമായി വൈദികർ പാപികൾക്ക് ഇത് നിർദ്ദേശിച്ചുകൊടുക്കണം.

www.malankaralibrary.com

ഈ അനുഗ്രഹ ജപമാല സാധാരണ ജപമാല പ്രാർത്ഥനക്കു പകരമുള്ളതല്ല. നമ്മുടെ കർത്താവുതന്നെ നിർദ്ദേശിച്ച് തന്നിട്ടുള്ളതു കൊണ്ട് ദൈവകോപം ശമിപ്പിക്കുന്നതിന് ഇതു കൂടെക്കൂടെ ചൊല്ലുന്നത് അനുഗ്രഹ പ്രദമായിരിക്കും. ദൈവകോപശമനത്തിനായി അനന്ത കാരുണ്യവാനായ യേശുനാഥൻ തന്നെ ഈ പ്രാർത്ഥന ചൊല്ലുവാൻ ആവശ്യപ്പെട്ടിരിക്കുന്നതിനാൽ, അവിടത്തെ കാരുണ്യം നമ്മുടെ മേലും നമ്മുടെ കുടുംബങ്ങളുടെമേലും, പാവപ്പെട്ട പാപികളുടെമേലും, കഠിന പാപികളുടെമേലും, വൈദികരിലും, അർപ്പണ ജീവിതക്കാരുടെമേലും, ലോകമൊക്കെയുടെമേലും, വർഷിച്ചുതരുവാൻ ഈ കാരുണ്യത്തിന്റെ ജപമാലപ്രാർത്ഥന ഈ നാളുകളിൽ കൂടെക്കൂടെ ചൊല്ലുവാൻ എല്ലാവർക്കും സന്മനസ്സുണ്ടാകണം.

ജീവിതകാലത്തും പ്രത്യേകിച്ച് മരണസമയത്തും എന്റെ കരുണ ആ വ്യക്തിയെ സംരക്ഷിക്കുകയും ആശ്ലേഷിക്കുകയും ചെയ്യും. രക്ഷപ്രാപിക്കുവാനുള്ള അവസാന മാർഗ്ഗമായി വൈദികർ പാപികൾക്ക് ഇത് നിർദ്ദേശിച്ചുകൊടുക്കണം.

**അനുഗ്രഹ ജപമാല പ്രാർത്ഥനയെപ്പറ്റി യേശു വി.ഫൗസ്റ്റീനായോടു പറഞ്ഞത് :- !**

1. ഞാൻ നിന്നെ പഠിപ്പിച്ച കാരുണ്യത്തിൻറ ഈ ജപമാല പ്രാർത്ഥന നിരന്തരം ചൊല്ലുക.
2. ആരെല്ലാം ഈ പ്രാർത്ഥന ചൊല്ലുന്നുവോ, അവരെല്ലാം എന്റെ വലിയ കരുണ പ്രാപിക്കും, പ്രത്യേകിച്ചും മരണസമയത്ത്.
3. അവസാന രക്ഷാമാർഗ്ഗമായി പാപികൾക്ക് വൈദികർ ഇതിനെ നിർദ്ദേശിച്ചു കൊടുക്കണം.
4. എത്ര വലിയ കഠിനപാപിയായാൽത്തന്നെയും, ഒരിക്കലെങ്കിലും ഈ അനുഗഹ ജപമാലപ്രാർത്ഥന ചൊല്ലിയാൽ എന്റെ അനന്തകാരുണ്യത്തിൽനിന്നും കൃപ പ്രാപിക്കുന്നതാണ്. (II 129)

www.malankaralibrary.com

5. ഈ പ്രാർത്ഥന ചൊല്ലുന്ന ആത്മാക്കൾക്ക് എത്ര വലിയ അനുഗ്രഹങ്ങളാണ് ഞാൻ പ്രദാനം ചെയ്യുന്നത് ! (II 229)
6. ഈ അനുഗ്രഹ ജപമാല പ്രാർത്ഥനവഴി. നീ എന്താവശ്യപ്പെട്ടാലും ഞാൻ നല്കുന്നതാണ്.
7. എന്റെ അനന്തകാരുണ്യത്തെപ്പറ്റി സമസ്തലോകവും അറിയണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.
8. എന്റെ കരുണയിൽ ആശ്രയിക്കുന്നവർക്ക് ഗ്രഹിക്കുവാൻ സാധിക്കാത്തതരത്തിലുള്ള കൃപാവരം നല്കുന്നതാണ്.

(N. B. വലിയ മണികളിലും ചെറിയ മണികളിലും ചൊല്ലേണ്ട പ്രാർത്ഥനകൾ മനഃപാഠമാക്കിയാൽ എവിടെവച്ചും എപ്പോൾ വേണമെങ്കിലും ഈ അനുഗ്രഹ ജപമാല ചൊല്ലാവുന്നതാണല്ലോ. ദൈവകോപശമനത്തിനായിട്ടുള്ള ഈ പ്രാർത്ഥന എത്രയും ഫലപ്രദമായ ഒന്നാണെന്ന് അനുഭവം തെളിയിച്ചുതരും )

1935 സെപ്ററംബർ 13-ാം തീയതി, ഒരു സ്ഥലത്തെ, അതിന്റെ തിന്മനിമിത്തം ശിക്ഷിക്കുന്നതിനായി ദൈവം അയച്ച ഒരു മാലാഖായേ വിശുദ്ധ ഫൗസ്റ്റീനാ കാണുകയുണ്ടായി. ഇടിയും മിന്നലും മാലാഖായുടെ കയ്യിലുണ്ടായിരുന്നു. ആ സ്ഥലത്തെ നശിപ്പിക്കരുതേയെന്ന് മാലാഖായോടു വിശുദ്ധ കേണപേക്ഷിച്ചു. പക്ഷേ യാതൊയു ഫലവുമുണ്ടായില്ല. തത്സമയം പരിശുദ്ധതിത്വം അവിടെ പ്രത്യക്ഷപ്പെട്ട് വിശുദ്ധയ്ക്കു ഒരു പ്രാർത്ഥന പറഞ്ഞുകൊടുത്തു. അത്ഭുതമെന്നു പറയട്ടെ, അത് ചൊല്ലിക്കഴിഞ്ഞപ്പോൾ ശിക്ഷമാറ്റിവയ്ക്കപ്പെട്ടു. ആ ഫലപ്രദമായ പ്രാർത്ഥന ഇപ്രകാരമാണ്:-

"നിത്യപിതാവേ, ഞങ്ങളുടെയും ലോകമൊക്കെയുടേയും പാപപരിഹാരത്തിനായി അവിടത്തെ വത്സലപുത്രനും ഞങ്ങളുടെ രക്ഷകനുമായ കർത്താവ് ഈശോമിശിഹായുടെ തിരുശരീരവും, തിരുരക്തവും, ആത്മാവും ദൈവത്വവും അങ്ങേയ്ക്ക് ഞങ്ങൾ കാഴ്ച്ചയർപ്പിക്കുന്നു. യേശുവിന്റെ അതിദാരുണമായ

www.malankaralibrary.com

പീഡാസഹനത്തെപ്രതി ഞങ്ങളുടെ മേലും ലോകമൊക്കെയുടെ മേലും കൃപയായിരിക്കേണമേ."

വി. കുർബാനയുടെ മുൻപിൽ പ്രവേശിക്കുമ്പോഴെല്ലാം അനുഗ്രഹത്തിന്റെ ഈ ജപമാല ചൊല്ലണമെന്നാണ് യേശുനാഥൻ വിശുദ്ധയോടു ആവശ്യപ്പെട്ടത്. "അതു ദൈവ കോപത്തെ ശമിപ്പിക്കുന്നു. പാപികളെ മാനസാന്തരപ്പെടുത്തുന്നു. ഈ ജപമാല പ്രാർത്ഥന ചൊല്ലുന്നവർക്ക് ഞാൻ ധാരാളം വര പ്രസാദങ്ങൾ നൽകും."

## IV നൊവേന

ദൈവകാരുണ്യത്തിന്റെ നൊവേന ദുഃഖ വെള്ളിയാഴ്ച മുതൽ ഉയിർപ്പിനുശേഷം വരുന്ന ആദ്യ ഞായറാഴ്ച (പുതുഞായർ) വരെയാണു നടത്തേണ്ടത്.

'ദൈവകാരുണ്യത്തോടുള്ള ഈ നൊവേന പ്രാർത്ഥന എഴുതി എടുക്കുവാനും ദൈവ കാരുണ്യത്തിന്റെ തിരുനാളിന്റെ ഒരുക്കത്തിനായി, ദുഃഖവെള്ളിയാഴ്ച മുതൽ അതു നടത്തുവാനും യേശു എന്നോടു കല്പിച്ചു,' എന്നു വി. ഫൗസ്റ്റീനാ എഴുതി.

"ഈ ഒൻപതു ദിവസങ്ങളിൽ എന്റെ കരുണയുടെ അരുവിയിലേക്ക് നീ അവരെ കൊണ്ടുവരണം. അവർ അതിൽനിന്നും അവരുടെ ജീവിതത്തിലെ പരീക്ഷണഘട്ടത്തിലും, പ്രത്യേകിച്ച് മരണസമയത്ത് ശക്തിയും ആശ്വാസവും അവർക്കാവശ്യമായ എല്ലാ ദൈവാനുഗ്രഹങ്ങളും ആവോളം കോരിയെടുക്കട്ടെ. ഓരോ ദിവസവും ഓരോ തരത്തിലുള്ള ആത്മാക്കളെ നീ നയിച്ചുകൊണ്ടുവരുകയും എന്റെ കരുണക്കടലിൽ മുക്കി എടുക്കുകയും ചെയ്യുക.
(ബു. II പേജ് 57).

www.malankaralibrary.com



**യേശുവേ അങ്ങയുടെ തിരുമുഖശോഭ എന്നിൽ പ്രതി ബിംബിക്കണമെ. ഞങ്ങളുടെ കർത്താവും എന്നേക്കും ഞങ്ങളുടെ ദൈവവുമേ, അങ്ങയുടെ പ്രകാശ കതിരുകളാൽ ഞങ്ങളെ പ്രശോഭിപ്പിക്കുകയും ആനന്ദിപ്പിക്കുകയും ചെയ്യണമെ.**

www.malankaralibrary.com

N. B. ദുഃഖവെള്ളിയാഴ്ച മുതൽ ഈ നവവാൾ നടത്തുവാനാണ് ദിവ്യനാഥൻ കല്പിച്ചിട്ടുള്ളതെങ്കിലും, ആവശ്യാനുസരണം എപ്പോൾ വേണമെങ്കിലും ഇതു നടത്തി അനുഗ്രഹങ്ങൾ പ്രാപിക്കാവുന്നതാണെന്നും അവിടുന്ന് കല്പ്പിച്ചിട്ടുണ്ട്. ആയതിനാൽ ഫലപ്രദമായ ഈ നവനാൾ (നൊവേന) പാപികളുടെ മാനസാന്തരത്തിനായി കൂടെക്കൂടെ നടത്തി അവരേക്കൂടി രക്ഷിക്കുവാൻ ശ്രമിക്കേണ്ടതാണ്.

"ഈ നൊവേനവഴി ആവശ്യപ്പെടുന്ന ഏതൊരു കാര്യവും ഞാൻ നല്കു"മെന്നുള്ള കർത്താവിന്റെ വാഗ്ദാനം എന്നും ഓർത്തിരിക്കട്ടെ, എന്ന് വിശുദ്ധ എഴുതുന്നു.
(ബു. II പേജ് 197)

# ദൈവകാരുണ്യത്തോടുള്ള നൊവേന

(വി.ഫൗസ്റ്റീനായുടെ ഡയറിയിൽനിന്ന്)

### ഒന്നാം ദിവസം

(മനുഷ്യവർഗ്ഗത്തെ മുഴുവനും, പ്രത്യേകിച്ച് സകല പാപികളെയും യേശുവിന്റെ കരുണക്കടലിൽ സമർപ്പിച്ച് പ്രാർത്ഥിക്കുവാൻ ആവശ്യപ്പെടുന്നു.)

ഇന്നു മനുഷ്യവർഗ്ഗത്തെ മുഴുവനും പ്രത്യേകിച്ച് സകല പാപികളേയും എന്റെ പക്കൽ കൊണ്ടുവന്ന് അവരെയെല്ലാം എന്റെ കരുണക്കടലിൽ മുക്കിയെടുക്കുക. ആത്മാക്കൾ നശിച്ചുപോകുന്നതിൽ എനിക്കനുഭവപ്പെടുന്ന കഠിനമായ എന്റെ വേദനയിൽ നീ എന്നെ ആശ്വസിപ്പിക്കും.

ഏറ്റം കരുണയുള്ള യേശുവേ, ഞങ്ങളോട് എപ്പോഴും ക്ഷമിക്കുകയും ദയകാണിക്കുകയും ചെയ്യുന്നവനാണല്ലോ അങ്ങ്. ഞങ്ങളുടെ പാപത്തെ നോക്കാതെ, അങ്ങയുടെ അനന്തഃമായ നന്മയിലുള്ള ഞങ്ങളുടെ ശരണത്തിൽ ദൃഷ്ടിയുറപ്പിക്കുകയും, അങ്ങയുടെ ഏറ്റം ദയയുള്ള

www.malankaralibrary.com

തിരുഹൃദയത്തിൽ ഞങ്ങൾക്കൊരിക്കലും വിട്ടുപിരിയാത്ത അഭയം തരികയും ചെയ്യണമെന്ന് പിതാവായ ദൈവത്തോടും പരിശുദ്ധാത്മാവായ ദൈവത്തോടും അങ്ങയെ ഐക്യപ്പെടുത്തുന്ന അങ്ങയുടെ സ്നേഹത്തോട് ഞങ്ങളപേക്ഷിക്കുന്നു.

നിത്യപിതാവേ, യേശുവിന്റെ തിരുഹൃദയത്തിന്റെ ദയയാൽ ഏറ്റം വലിയ പാപികളായ ഞങ്ങളോടും മനുഷ്യവർഗ്ഗം മുഴുവനോടും കരുണ തോന്നണമേ. അങ്ങയുടെ തിരുസുതന്റെ ഏറ്റം സങ്കടകരമായ കഷ്ടതകളെ പ്രതി അങ്ങ് ഞങ്ങളോടു കരുണ കാണിക്കണമേ. അങ്ങനെ ഞങ്ങൾ നിത്യകാലവും അവിടത്തെ അനന്തകരുണയുടെ സർവ്വശക്തിയെ വാഴ്ത്തിപ്പുകഴ്ത്തട്ടെ. ആമ്മീൻ. 1 സ്വ. 1 ന. 1 ത്രി.

### രണ്ടാം ദിവസം

(സകല വൈദികരുടെയും സന്യസ്തരുടെയും ആത്മാക്കളെ യേശുവിന്റെ കരുണയുടെ തിരുഹൃദയത്തിൽ അർപ്പിച്ച് പ്രാർത്ഥിക്കുക.)

ഇന്ന് സകല വൈദികരുടെയും സന്യസ്തരുടെയും ആത്മാക്കളെ എന്റെ പക്കൽ കൊണ്ടുവരികയും, ആഴമേറിയ എന്റെ കരുണക്കടലിൽ അവരെയെല്ലാം മുക്കിയെടുക്കുകയും ചെയ്യുക. അവരാണ് എന്റെ അതികഠിനമായ വേദനകൾ സഹിക്കുന്നതിനുള്ള ശക്തി പകർന്നുതന്നത്. കൈവഴികളിലൂടെ വെള്ളം വിതരണം ചെയ്യുന്ന പ്രകാരം അവരിലൂടെ എന്റെ കരുണ മനുഷ്യവർഗ്ഗത്തിനു മുഴുവനും ഒഴുക്കികൊടുക്കുന്നു.

എത്രയും ദയാപരനായ യേശുവേ, സകല നന്മകളുടെയും ഉറവിടമേ, ജീവകാരുണ്യപ്രവർത്തികൾ അനുഷ്ടിക്കുവാനുള്ള അനുഗ്രഹം ഞങ്ങളിൽ വർദ്ധിപ്പിക്കണമേ. അതു വഴി ഞങ്ങൾ ചെയ്യുന്ന പ്രവർത്തികൾ മററുള്ളവർ കണ്ട് കരുണയുടെ പിതാവിനെ സ്തുതിക്കുമാറാകട്ടെ.

നിത്യപിതാവേ, അവിടത്തെ മുന്തിരിത്തോപ്പിലെ തിരഞ്ഞെടുക്കപ്പെട്ട വേലക്കാരായ വൈദികരുടെയും അർപ്പണ ജീവിതക്കാരുടെയും സമൂഹത്തിന്മേൽ അങ്ങയുടെ ദയാദൃഷ്ടി പതിക്കേണമേ. അങ്ങയുടെ സമൃദ്ധമായ അനുഗ്രഹങ്ങളുടെ ശക്തിയാൽ അവരെ സമ്പന്നരാക്കേണമേ. അങ്ങയുടെ പുത്രന്റെ തിരുഹൃദയത്തോടുള്ള സ്നേഹത്താൽ ആവരണം ചെയ്യപ്പെട്ട അവരിലേക്ക് അങ്ങയുടെ ശക്തിയും പ്രകാശവും ചൊരിയേണമേ. അതുവഴി അവർ മറ്റുള്ളവരെ രക്ഷയുടെ മാർഗ്ഗത്തിലേക്ക് ആനയിക്കുകയും ഏകസ്വരത്തിൽ അങ്ങയുടെ അനന്തമായ കാരുണ്യത്തെ അനവരതം പാടി സ്തുതിക്കുകയും ചെയ്യട്ടെ.
ആമ്മീൻ. 1 സ്വ. 1 ന. 1 ത്രി.

## മൂന്നാം ദിവസം

(വിശ്വസ്തതയും ഭക്തിതീഷ്ണതയുമുള്ള എല്ലാ ആത്മാക്കളെയും യേശുവിന്റെ പക്കൽ കൊണ്ടുവന്ന് സമർപ്പിച്ച് പ്രാർത്ഥിക്കുക.)

വിശ്വസ്തതയും ഭക്തിതീക്ഷണതയുമുള്ള എല്ലാ ആത്മാക്കളേയും എന്റെ പക്കൽ കൊണ്ടുവന്ന് എന്റെ ആഴക്കടലിൽ മുക്കി എടുക്കുക. കുരിശും വഹിച്ചുകൊണ്ടുള്ള എന്റെ യാത്രയിൽ ഈ ആത്മാക്കൾ എന്നെ വളരെയധികം ആശ്വസിപ്പിച്ചവരാണ്. എന്റെ കയ്പേറിയ സഹനത്തിന്റെ ആഴക്കടലിൽ അവർ ആശ്വാസത്തിന്റെ തുള്ളികളായിരുന്നു.

അനന്തകാരുണ്യവാനായ യേശുവേ, അങ്ങയുടെ കരുണയുടെ നിക്ഷേപത്തിൽനിന്ന് ഞങ്ങളെല്ലാവർക്കും, ഓരോരുത്തർക്കും സമൃദ്ധമായ അളവിൽ പ്രസാദവരങ്ങൾ വർഷിച്ചുതരേണമേ. ഞങ്ങളുടെ അഭയസ്ഥാനമായ അങ്ങയുടെ എത്രയും ദയയുള്ള തിരുഹൃദയത്തിലേക്ക് ഒരിക്കലും വേർപെടുത്താനാവാത്തവിധം ഞങ്ങളെ സ്വീകരിച്ചാലും. സ്വർഗ്ഗസ്ഥനായ പിതാവിനോടുള്ള സ്നേഹത്താൽ തീവ്രമായി ജ്വലിച്ചുകൊണ്ടിരിക്കുന്ന അങ്ങയുടെ

www.malankaralibrary.com

തിരുഹൃദയത്തെപ്രതി ഈ അനുഗ്രഹം അങ്ങയോട് ഞങ്ങൾ യാചിക്കുന്നു.

നിത്യപിതാവേ, അങ്ങയുടെ തിരുസുതന്റെ അനന്തരാവകാശികളെന്നനിലയിൽ, അങ്ങയുടെ കൃപാകടാക്ഷം ഈ വിശ്വസ്തത ആത്മാക്കളുടെമേൽ പതിയണമേ. യേശുവിന്റെ അതിദാരുണമായ പീഡകളെയോർത്ത് അങ്ങയുടെ വിലയേറിയ അനുഗ്രഹങ്ങൾ അവരിൽ വർഷിക്കുകയും, ഒരിക്കലും അവസാനിക്കാത്തതായ അങ്ങയുടെ സംരക്ഷണത്താൽ അവരെ ആവരണം ചെയ്യുകയും ചെയ്യേണമേ. അങ്ങനെ അവർ അങ്ങയെ സ്നേഹിക്കുന്നതിൽ പരാജിതരാകാതെ അവർക്കു കിട്ടിയിരിക്കുന്ന വിശ്വാസമെന്ന നിധി നഷ്ടപ്പെടുത്താതെ സകല വിശുദ്ധന്മാരോടും സകല മാലാഖാമാരോടും ചേർന്ന് എന്നും അവിടത്തെ അനന്തകാരുണ്യത്തെ ഇപ്പോഴും എപ്പോഴും എന്നേയ്ക്കും വാഴ്ത്തി സ്തുതിക്കട്ടെ.
ആമ്മീൻ. 1 സ്വ. 1 ന. 1 ത്രി.

## നാലാം ദിവസം

(എല്ലാ അവിശ്വാസികളെയും അജ്ഞാനികളെയും സമർപ്പിച്ചു പ്രാർത്ഥിക്കുക.)

ഇന്ന് എല്ലാ അവിശ്വാസികളേയും ഇതുവരെ എന്നെ അറിയാത്തവരേയും എന്റെ പക്കൽ കൊണ്ടുവരിക. എന്റെ കയ്പേറിയ പീഡാസഹനസമയത്ത് ഞാൻ അവരെപ്പറ്റി ചിന്തിച്ചിരുന്നു. അവർക്ക് ഭാവിയിൽ ഉണ്ടാകാനിരിക്കുന്ന തീക്ഷണത എന്റെ വേദനിക്കുന്ന ഹൃദയത്തെ ആശ്വസിപ്പിച്ചു. എന്റെ കരുണയുടെ കടലിൽ അവരെ മുക്കി എടുക്കുക.

എത്രയും ആർദ്രവാനായ യേശുവേ, അങ്ങ് സമസ്തലോകത്തിന്റെയും ദീപമാണല്ലോ. ഇനിയും അങ്ങയെ അറിയാത്തവരുടെയും അവിശ്വാസികളുടെയും ആത്മാക്കളെ അങ്ങയുടെ എത്രയും അനുകമ്പയുള്ള തിരുഹൃദയത്തിൽ

സ്വീകരിച്ച് അഭയം കൊടുത്താലും. അങ്ങയുടെ വരപ്രസാദക്കതിരുകളാൽ അവരെ പ്രകാശിപ്പിക്കുകയും അതുവഴി അവരും ഞങ്ങളോടൊത്തുചേർന്ന് അങ്ങയുടെ അത്ഭുതകരമായ കാരുണ്യത്തെ സ്തുതിക്കട്ടെ.

നിത്യപിതാവേ, യേശുവിന്റെ എത്രയും ആർദ്രതയുള്ള തിരുഹൃദയത്താൽ ആവരണം ചെയ്യപ്പെട്ട അവിശ്വാസികളുടെയും ഇതുവരെ അങ്ങയെ അറിയാത്ത ആത്മാക്കളുടെയും മേൽ അങ്ങയുടെ ദയാദൃഷ്ടി പതിക്കേണമേ.
സുവിശേഷവെളിച്ചത്തിലേയ്ക്ക് അവരെ എല്ലാവരേയും ആനയിക്കേണമേ. അങ്ങയെ സ് നേഹിക്കുന്നത് എത്ര വലിയ ആനന്ദവും സന്തോഷവും ആശ്വാസവുമാണെന്ന് ഈ ആത്മാക്കൾ അറിയുന്നില്ല. ഇവർക്കും അങ്ങയുടെ കരുണാസമൃദ്ധിയെ ഇപ്പോഴും എപ്പോഴും എന്നേയ്ക്കും പാടി സ്തുതിക്കുവാൻ ഇടയാക്കേണമെ.
ആമ്മീൻ. 1 സ്വ. 1 ന. 1 ത്രി.

## അഞ്ചാം ദിവസം

(തിരുസഭാമാതാവിൽനിന്നും വേർപിരിഞ്ഞു പോയ സഹോദരങ്ങളുടെ ആത്മാക്കളെ യേശുവിന്റെ കരുണക്കടലിൽ സമർപ്പിച്ച് പ്രാർത്ഥിക്കുക. സഭകളുടെ ഐക്യത്തിനായിട്ടുള്ള ആഹ്വാനമാണ്.)

തിരുസഭാമാതാവിൽനിന്നു വേർപിരിഞ്ഞു പോയ സഹോദരങ്ങളുടെ ആത്മാക്കളെ എന്റെ പക്കൽ കൊണ്ടുവന്ന് എന്റെ കരുണക്കടലിൽ മുക്കിയെടുക്കുക. എന്റെ കയ്പേറിയ പീഡാനുഭവവേളയിൽ എന്റെ സഭയാകുന്ന ശരീരത്തെയും ഹൃദയത്തെയും അവർ കീറിമുറിച്ചു. അവർ സഭൈക്യത്തിലേക്ക് തിരിച്ചുവരുമ്പോൾ എന്റെ മുറിവുകളെ സൗഖ്യപ്പെടുത്തുകയും അതുവഴി എന്റെ വേദന ലഘൂകരിക്കപ്പെടുകയും ചെയ്യും.

www.malankaralibrary.com

എത്രയും ദയയുള്ള നന്മമാത്രമായ യേശു നാഥാ, പ്രകാശത്തെ അന്വേഷിക്കുന്നവർക്കാർക്കും അങ്ങ് അത് നിഷേധിക്കുകയില്ലല്ലോ. വേർപെട്ടുപോയ ഞങ്ങളുടെ ആത്മാക്കളെ അങ്ങയുടെ എത്രയും ആർദ്രമായ ഹൃദയത്തിൽ സ്വീകരിക്കണമെ. അങ്ങയുടെ പ്രകാശക്കതിരിനാൽ അവരെല്ലാവരേയും സഭൈക്യത്തിലേക്ക് കൊണ്ടുവരികയും, അങ്ങയുടെ എത്രയും ദയയുള്ള തിരുഹൃദയത്തിൽ അഭയം നൽകി ഒരിക്കലും അവർ വേർപെട്ടുപോകാതിരിക്കുവാൻ പ്രത്യേകം സംരക്ഷിക്കുകയും ചെയ്യണമെ. അങ്ങനെ അവരും അങ്ങയുടെ കരുണാസമൃദ്ധിയെ എന്നും പാടി പുകഴ്ത്തട്ടെ.

നിത്യപിതാവേ, ഞങ്ങളുടെ ഈ വേർപെട്ട് പോയ സഹോദരങ്ങളുടെ ആത്മാക്കൾമേൽ അങ്ങയുടെ ദയാദൃഷ്ടി പതിയണമെ. അങ്ങയുടെ തിരുസുതന്റെ സ്നേഹവും അവിടുന്ന് സഹിച്ച വേദനകളും അങ്ങ് തൃക്കൺ പാർക്കണമേ. അവ വഴിയായി, അന്ധമായി തെറ്റിൽ നിൽക്കുന്നവരുടെമേലും അങ്ങയുടെ കൃപാവരങ്ങളും ആശീർവാദങ്ങളും ദുരുപയോഗിക്കുന്നവരുടെമേലും, അങ്ങയുടെ ദയാദൃഷ്ടി പതിക്കണമേ. അവർക്കുവേണ്ടി കൂടിയും ആണല്ലോ രക്ഷകൻ അതിദയനീയമായ വേദനകൾ സഹിച്ചത്. അവരെയും യേശുവിന്റെ എത്രയും അനുകമ്പയുള്ള തിരുഹൃദയം ആവരണം ചെയ്തിരിക്കയാണല്ലൊ. അങ്ങയുടെ മഹത്തായ കരുണയെ അനവരതം പ്രകീർത്തിക്കുവാൻ അവരെയും അങ്ങയുടെ സന്നിധിയിലേക്ക് കൊണ്ടുവരണമെ.
ആമ്മീൻ ! സ്വ. 1 ന. 1 ത്രി.

## ആറാം ദിവസം

(കൊച്ചു കുട്ടികളുടെയും, ശാന്തതയും എളിമയുമുള്ളവരുടെയും ആത്മാക്കളെ സമർപ്പിച്ച് പ്രാർത്ഥിക്കുക.)

ഇന്നു കൊച്ചുകുട്ടികളുടെയും, ശാന്തതയും എളിമയുള്ളവരുടെയും ആത്മാക്കളെ എന്റെ  പക്കൽ

www.malankaralibrary.com

കൊണ്ടുവന്ന് എന്റെ  കരുണയിൽ മുക്കിയെടുക്കുക. ഈ ആത്മാക്കളെല്ലാം എന്റെ ഹൃദയവുമായി ഏറ്റവുമധികം സാദൃശ്യമുള്ളവരാണ്. എന്റെ അതികഠിനമായ വേദനകളിൽ അവരെന്നെ ശക്തിപ്പെടുത്തി. എന്റെ ബലിപീഠങ്ങളിൽ ശ്രദ്ധാപൂർവ്വം ശുശ്രൂഷിക്കുന്ന ഭൂമിയിലെ മാലാഖാമാരായി ഞാൻ അവരെ കണ്ടു. പ്രസാദവരങ്ങളുടെ സർവ്വസമ്പത്തും അവരുടെ മേൽ വർഷിക്കും. എത്രയും എളിമയുള്ള ആത്മാക്കൾക്കാണ് എന്റെ പ്രസാദവരം സ്വീകരിക്കുവാൻ കഴിവുള്ളത്. എളിമയുള്ള ആത്മാക്കളെ എന്റെ വിശ്വാസംകൊണ്ട് അനുഗ്രഹിക്കും.

എത്രയും ദയയുള്ള യേശുനാഥാ അങ്ങു തന്നെ കല്പിച്ചു: "ഞാൻ ഹൃദയശാന്തതയും എളിമയുമുള്ളവനുമാകയാൽ എന്നെ നോക്കി പഠിക്കുവിൻ" എന്ന്. അവിടത്തെ ആർദ്രമായ തിരുഹൃദയത്തിൽ കൊച്ചുകുട്ടികളുടെയും, എളിമയും ശാന്തതയുള്ളവരുടെയും ആത്മാക്കളെ സ്വീകരിച്ചാലും ! ഈ ആത്മാക്കൾ സ്വർഗ്ഗീയ പിതാവിന്റെ ഏറ്റം പ്രിയപ്പെട്ടവരും സ്വർഗ്ഗത്തെ മുഴുവൻ ആനന്ദഭരിതരാക്കുന്നവരുമാണ്. ദൈവത്തിന്റെ തിരുസിംഹാസനത്തിൻ മുമ്പാകെ സൗരഭ്യം വിതറുന്ന പൂച്ചെണ്ടുകളാണവർ. അവരുടെ മധുര സുഗന്ധമേറ്റ് ദൈവം തന്നെ സന്തോഷിച്ചാനന്ദിക്കുന്നു. ദൈവമായ യേശുവിന്റെ എത്രയും ദയയുള്ള തിരുഹൃദയത്തിൽ ഈ ആത്മാക്കൾക്ക് സ്ഥിരമായ അഭയമാണുള്ളത്. സ്നേഹത്തിന്റെയും കരുണയുടെയും മധുരസംഗീതം അവർ നിരന്തരം പാടുന്നു.

നിത്യപിതാവേ, എത്രയും അനുകമ്പയുള്ള യേശുവിന്റെ തിരുഹ്യദയത്തിൽ അഭയം പ്രാപിച്ചിരിക്കുന്ന ശാന്തതയുള്ള ആത്മാക്കളുടെയും, കൊച്ചുകുട്ടികളുടെ ആത്മാക്കളുടെയും മേൽ അവിടത്തെ ദയാദൃഷ്ടിപതിയണമെ. അവിടത്തെ തിരുസുതനോട് എത്രയും അടുത്ത സാദൃശ്യമുള്ളവരാണീ ആത്മാക്കൾ. ഈ ആത്മാക്കളുടെ പരിമളം ഭൂമിയിൽനിന്നുയർന്ന് അവിടത്തെ തിരുസിംഹാസനത്തിലെത്തുന്നു. എല്ലാ നന്മയുടെയും കരുണയുടെയും ഉറവിടമായ പിതാവേ,

ഈ ആത്മാക്കളോടുള്ള അവിടത്തെ സ്നേഹത്തെ പ്രതിയും ഞാൻ യാചിക്കുന്നു:- സമസ്ത ലോകത്തെയും അനുഗ്രഹിക്കണമെ. എല്ലാ ആത്മാക്കളും ഒന്നടങ്കം അവിടത്തെ കാരുണ്യത്തെ അനവരതം പ്രകീർത്തിക്കട്ടെ.
ആമ്മീൻ. 1 സ്വ. 1 ന. 1 ത്രി.

## ഏഴാം ദിവസം

(എന്റെ കാരുണ്യത്തെ ആദരിക്കുകയും മഹത്വപ്പെടുത്തുന്നവരെയും സമർപ്പിച്ച് പ്രാർത്ഥിക്കുക. (പ്രത്യേക ശോഭയോടെ അവർ പ്രകാശിതരായിരിക്കും എന്ന് യേശു കല്പിക്കുന്നു.)

ഇന്ന്, എന്റെ കാരുണ്യത്തെ ആദരിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്ന ആത്മാക്കളെ എന്റെ പക്കൽ കൊണ്ടുവന്ന് എന്റെ  കരുണയിൽ മുക്കിയെടുക്കുക. എന്റെ സഹനത്തിൽ ഏററവുമധികം വേദനിക്കുകയും എന്റെ ചൈതന്യം ആഴമായി ഗ്രഹിച്ചിട്ടുള്ളവരുമാണീ ആത്മാക്കൾ. എത്രയും ദയയുള്ള എന്റെ ഹൃദയത്തിന്റെ ജീവിക്കുന്ന പ്രതിരൂപങ്ങളാണിവർ. വരാനിരിക്കുന്ന ജീവിതത്തിൽ പ്രത്യേകമായ ഒരു ശോഭയോടെ അവർ പ്രകാശിതരായിരിക്കും. അവരിലൊരാളുപോലും നിത്യനരകാഗ്നിയിൽ വീഴുകയില്ല. മരണസമയത്ത് വളരെ പ്രത്യേകമായ രീതിയിൽ അവരെ ഓരോരുത്തരേയും ഞാൻ സംരക്ഷിച്ചുകൊള്ളും.

എത്രയും ദയയുള്ള ദിവ്യനാഥാ, അവിടത്തെ ഹൃദയം സ്നേഹം തന്നെയാണല്ലോ. അവിടത്തെ കരുണയുടെ ശക്തി ആദരിക്കുകയും പുകഴ്ത്തുകയും ചെയ്യുന്ന ആത്മാക്കളെ അങ്ങയുടെ ആദ്രമായ ഹൃദയത്തിൽ സ്വീകരിച്ചാലും! ദൈവത്തിന്റെ തന്നെ ശക്തിയാൽ ശക്തരാക്കപ്പെട്ടവരാണീ ആത്മാക്കൾ. ദുഃഖങ്ങളുടെ നടുവിലും അവിടത്തെ കാരുണ്യത്തിൽ വിശ്വാസമർപ്പിച്ചുകൊണ്ട് ഈ ആത്മാക്കൾ മുന്നോട്ടു പോകുന്നു. ക്രിസ്തുവിനോടൈക്യപ്പെട്ടുകൊണ്ട് ഈ

ആത്മാക്കൾ മാനവവംശത്തെ മുഴുവൻ അവരുടെ തോളുകളിൽ വഹിക്കുന്നു. ഈ ആത്മാക്കൾ കഠിനമായി വിധിക്കപ്പെടുകയില്ല. ഈ ലോകത്തിൽനിന്ന് വേർപിരിയുമ്പോൾ അവിടത്തെ കരുണ അവരെ ആശ്ലേഷിക്കും.

നിത്യപിതാവേ, അവിടത്തെ ഏററവും സവിശേഷമായ അനന്തകാരുണ്യത്തെ ആദരിക്കുകയും, പാടിപുകഴ്ത്തുകയും, യേശു ക്രിസ്തുവിന്റെ എത്രയും ആർദ്രമായ തിരുഹൃദയത്താൽ ആവരണം ചെയ്യപ്പെടുകയും ചെയ്തിരിക്കുന്ന ഈ ആത്മാക്കളുടെ മേൽ അങ്ങയുടെ ദയാദൃഷ്ടി പതിക്കണമെ. ഈ ആത്മാക്കൾ ജീവിക്കുന്ന സുവിശേഷങ്ങളാണ്; അവരുടെ ഹൃദയങ്ങൾ കാരുണ്യപ്രവർത്തികളാൽ നിറഞ്ഞിരിക്കുന്നു; അവരുടെ ഹൃദയങ്ങൾ സന്തോഷത്താൽ കരകവിഞ്ഞൊഴുകുന്നു. അത്യുന്നതനായ അവിടത്തെ കാരുണ്യത്തിൻറ സംഗീതം ആലപിക്കുന്നു. അങ്ങയിൽ അവർ അർപ്പിച്ചിരിക്കുന്ന പ്രത്യാശയ്ക്കും ശരണത്തിനുമനുസൃതമായി അവരോട് അവിടത്തെ കാരുണ്യം കാണിക്കണമേയെന്ന്, ദൈവമേ, അങ്ങയോട് ഞാൻ യാചിക്കുന്നു. അവിടുത്തെ അനന്തഃമായ കാരുണ്യത്തെ വാഴ്ത്തി പുകഴ്ത്തുന്നവരെ അവരുടെ ജീവിതകാലത്തും പ്രത്യേകിച്ച് മരണസമയത്ത് സംരക്ഷിക്കുമെന്നുള്ള യേശുവിന്റെ വാഗ്ദാനം അവരിൽ നിറവേറട്ടെ.
ആമ്മീൻ. 1 സ്വ. 1 ന. 1 ത്രി.

## എട്ടാം ദിവസം

(ശുദ്ധീകരണസ്ഥലത്തെ ആത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കുക.)

ഇന്ന്, ശുദ്ധീകരണസ്ഥലമായ തടവറയിൽ കിടന്ന് വേദനിക്കുന്ന ആത്മാക്കളെ എന്റെ പക്കൽ കൊണ്ടുവന്ന് എന്റെ കരുണക്കടലിൽ മുക്കിയെടുക്കുക. എന്റെ രക്തത്തിന്റെ പ്രവാഹം അവരുടെ പൊള്ളിക്കുന്ന തീജ്വാലയെ തണുപ്പിക്കട്ടെ. ഈ ആത്മാക്കളെയെല്ലാം ഞാൻ വളരെയധികം സ്നേഹിക്കുന്നു.

www.malankaralibrary.com

എന്റെ നീതിയ്ക്ക് അവർ പരിഹാരം ചെയ്യുകയാണ്. അവർക്കു മോചനം കൊടുക്കുവാനുള്ള ശക്തി നിങ്ങളിലാണുള്ളത്... എന്റെ സഭയുടെ ഭണ്ഡാരത്തിലുള്ള എല്ലാ അനുഗ്രഹങ്ങളും സമാഹരിച്ച് അവർക്കു വേണ്ടി അർപ്പിക്കുക. അവർ അനുഭവിക്കുന്ന വേദനകൾ നീ അറിഞ്ഞിരുന്നെങ്കിൽ നീ നിന്റെ ആത്മാവിന്റെ ദാനങ്ങൾ അവർക്കായി നിരന്തരം സമർപ്പിച്ച് എന്റെ നീതി ആവശ്യപ്പെടുന്ന കടം വീട്ടുമായിരുന്നു.

ഏററവും കരുണയുള്ള യേശുവേ, കരുണയാണ് അങ്ങ് ആഗ്രഹിക്കുന്നതെന്ന് അങ്ങ് തന്നെ അരുളിച്ചെയ്തിട്ടുണ്ടല്ലോ. ശുദ്ധീകരണസ്ഥലത്തുള്ള എല്ലാ ആത്മാക്കളേയും അവിടത്തെ എത്രയും ആർദ്രതയുള്ള തിരുഹൃദയത്തിലേക്ക് ഞാൻ കൊണ്ടുവരുന്നു. അങ്ങേക്ക് എത്രയും പ്രിയങ്കരമായ ആത്മാക്കളാണെങ്കിലും നിന്റെ നീതിക്കനുസൃതമായി പരിഹാരമനുഷ്ടിക്കേണ്ടവരാണവർ. അവരെ ശുദ്ധീകരിച്ചെടുക്കുന്ന തീജ്വാല അങ്ങയുടെ ഹൃദയത്തിൽനിന്നും നിർഗ്ഗമിച്ച തിരുരക്തത്താലും തിരുജലത്താലും ശമിക്കട്ടെ. അങ്ങനെ ആ സ്ഥലത്തെ അങ്ങയുടെ കാരുണ്യത്തിന്റെ ശക്തി പ്രകീർത്തിക്കപ്പെടട്ടെ.

നിത്യപിതാവേ, യേശുവിന്റെ എത്രയും ദയയുള്ള തിരുഹൃദയത്താൽ ആവരണം ചെയ്തിരിക്കുന്ന ശുദ്ധീകരാത്മാക്കളുടെമേൽ അങ്ങയുടെ കരുണാകടാക്ഷം ഉണ്ടാകണമേ. യേശു അനുഭവിച്ച ഏറ്റം സങ്കടകരമായ വേദനകളെപ്രതിയും ഞാൻ നിന്നോടു യാചിക്കു ന്നു, അങ്ങയുടെ നീതിയ്ക്ക് വിധേയരായിരിക്കുന്ന ഈ ആത്മാക്കളുടെമേൽ അങ്ങയുടെ കാരുണ്യം വെളിപ്പെടുത്തേണമേയെന്ന്.. അവിടത്തെ വത്സലപുത്രനായ യേശുവിന്റ തിരുമുറിവുകളിലൂടെമാത്രം അവരെ വീക്ഷിക്കണമേയെന്നും യാചിക്കുന്നു. അങ്ങയുടെ ദയയ്ക്കും നന്മയ്ക്കും യാതൊരു അതിരുമില്ലെന്ന് ഞങ്ങൾ ദൃഢമായി വിശ്വസിക്കുന്നു. ആമ്മീൻ. 1 സ്വ. 1 ന. 1 ത്രി.

www.malankaralibrary.com

## ഒൻപതാം ദിവസം

(ആദ്ധ്യാത്മിക മന്ദതയിൽ കഴിയുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുക.)

ആദ്ധ്യാത്മിക മന്ദതയിൽ കഴിയുന്ന ആത്മാക്കളെ എന്റെ പക്കൽ കൊണ്ടുവന്ന് എന്റെ കാരുണ്യത്തിന്റെ കടലിൽ മുക്കിയെടുക്കുക. എന്റെ  ഹൃദയത്തെ മുറിപ്പെടുത്തി വളരെയധികം വേദനിപ്പിക്കുന്ന ആത്മാക്കളാണിവർ. ഗത്സമേൻ തോട്ടത്തിൽ വച്ച് എന്റെ ആത്മാവ് തീവ്രമായ വേദന അനുഭവിച്ചത് ഈ മന്ദഹൃദയരായ ആത്മാക്കളെ പ്രതിയാണ്, "പിതാവേ, കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്ന് അകന്നുപോകട്ടെ"യെന്ന് മനോവ്യഥയോടെ പ്രാർത്ഥിച്ചത് ഈ ആത്മാക്കൾ കാരണമാണ്. അവർക്ക് രക്ഷപ്പെടാനുള്ള മാർഗ്ഗം എന്റെ കാരുണ്യത്തിലേയ്ക്ക് ഓടിവന്ന് ശരണപ്പെടുക എന്നതാണ്.

എത്രയും ദയയുള്ള യേശുവേ, അങ്ങ് കരുണതന്നെയാണല്ലോ. അങ്ങയുടെ എത്രയും ദയയുള്ള തിരുഹൃദയത്തിലേക്ക് ആദ്ധ്യാത്മിക മന്ദത പ്രാപിച്ചിരിക്കുന്ന ആത്മാക്കളെ ഞാൻ സമർപ്പിച്ചുകൊള്ളുന്നു. മൃതശരീരങ്ങളെപ്പോലെ ആറിത്തണുത്ത് മരവിച്ച ഈ ആത്മാക്കളെ അങ്ങയുടെ സ്നേഹജ്വാലയാൽ ഒരിക്കൽ കൂടി എരിയിക്കണമെ. ഏറ്റവും കാരുണ്യമുള്ള യേശുവേ, അവിടത്തെ കരുണയുടെ മഹനീയശക്തി ഇവരിൽ പ്രവർത്തിപ്പിക്കണമെ. അങ്ങയുടെ സ്നേഹത്തിൻറ തീക്ഷണതയിലേക്ക് ഇവരെ ആനയിക്കേണമെ. പരിശുദ്ധമായ സ്നേഹത്തിന്റെ ദാനം അവരിൽ വർഷിക്കണമെ; എന്തെന്നാൽ യാതൊന്നും അവിടത്തെ ശക്തിക്കതീതമല്ലല്ലോ.

നിത്യപിതാവേ, ആദ്ധ്യാത്മിക മന്ദത ബാധിച്ച ആത്മാക്കളുടെമേൽ അവിടുത്തെ ദയാദൃഷ്ടി പതിയണമെ. അവരും യേശുവിന്റെ എത്രയും ആർദ്രതയുള്ള തിരുഹൃദയത്താൽ ആവരണം ചെയ്യപ്പെട്ടവരാണല്ലൊ. അനന്തകാരുണ്യവാനായ പിതാവേ, അങ്ങയുടെ വത്സലപുത്രന്റ

www.malankaralibrary.com

കയ്പേറിയ വേദനകളെ പ്രതിയും കുരിശിലെ മൂന്നുമണിക്കൂർ നേരത്തെ അതിദാരുണമായ സഹനത്തെപ്രതിയും ഞാൻ അങ്ങയോട് യാചിക്കുന്നു: അവരും അങ്ങയുടെ അഗാധമായ കാരുണ്യത്തെ പാടിപുകഴ്ത്തുവാൻ സംഗതിയാക്കണമെന്ന്. ആമ്മീൻ. 1 സ്വ. 1 ന. 1 ത്രി.

## വിശുദ്ധ ഫൗസ്റ്ററീനായുടെ ഡയറിയിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട പ്രാർത്ഥനകൾ

ദൈവകാരുണ്യത്തെപ്പറ്റിയുള്ള സ്തുതിപ്പുകൾ

ദൈവത്തിന്റെ സ്നേഹം ഒരു പുഷ്പമാകുന്നു. കാരുണ്യം അതിന്റെ ഫലവും !

സംശയിക്കുന്ന ആത്മാക്കൾ ദൈവത്തിന്റെ കാരുണ്യത്തെപ്പറ്റിയുള്ള ഈ കീർത്തനങ്ങൾ വായിച്ച് വിശ്വസിക്കട്ടെ.

പിതാവായ ദൈവത്തിന്റെ മടിയിൽ നിന്നും നിർഗ്ഗമിക്കുന്ന ദൈവത്തിന്റെ കാരുണ്യമേ, അങ്ങയിൽ ഞാൻ ശരണപ്പെടുന്നു.

ദൈവത്തിന്റെ ഏറ്റവും വലിയ വിശേഷണമായ ദൈവത്തിന്റെ കാരുണ്യമേ; അങ്ങയിൽ ഞാൻ ശരണപ്പെടുന്നു.

ഗ്രഹിക്കുവാനാകാത്ത മഹാരഹസ്യമായ ദൈവത്തിന്റെ കാരുണ്യമേ, അങ്ങയിൽ ഞാൻ ശരണപ്പെടുന്നു.

പ. ത്രിത്വത്തിന്റെ രഹസ്യത്തിൽ നിന്നും പുറപ്പെടുന്ന ദൈവത്തിന്റെ കാരുണ്യമേ, അങ്ങയിൽ ഞാൻ ശരണപ്പെടുന്നു.

മാനുഷികമോ അമാനുഷികമോ ആയ ബുദ്ധിക്കു അഗ്രാഹ്യമായ ദൈവത്തിന്റെ കാരുണ്യമേ...

www.malankaralibrary.com

എല്ലാ ജീവനും ആനന്ദവും പുറപ്പെടുന്ന ഉറവിടമായ ദൈവത്തിന്റെ കാരുണ്യമേ........

സ്വർഗ്ഗത്തേക്കാൾ മഹത്തായ ദൈവത്തിൻറ കാരുണ്യമേ........

അത്ഭുതങ്ങളുടെ ഉറവിടമായ ദൈവത്തിന്റെ കാരുണ്യമേ, അങ്ങയിൽ ഞാൻ ശരണപ്പെടുന്നു.

പ്രപഞ്ചത്തെ മുഴുവൻ ഉൾക്കൊള്ളുന്ന ദൈവത്തിന്റെ കാരുണ്യമേ........

വചനം മാംസമായി നമ്മോടുകൂടെ വസിച്ച ദൈവത്തിന്റെ കാരുണ്യമേ........

കുന്തത്താൽ കുത്തിത്തുറക്കപ്പെട്ട യേശുവിന്റെ ഹൃദയത്തിൽനിന്നും നിർഗ്ഗമിച്ച ദൈവത്തിന്റെ കാരുണ്യമേ........

വി. കുർബാന സ്ഥാപനത്തിൽ അടങ്ങിയിരിക്കുന്ന ദൈവത്തിന്റെ കാരുണ്യമേ........

പരിശുദ്ധ സഭാസ്ഥാപനത്തിൽ അടങ്ങിയിരിക്കുന്ന ദൈവത്തിന്റെ കാരുണ്യമേ.....

ജ്ഞാനസ്നാനമെന്ന കൂദാശയിൽ അടങ്ങിയിരിക്കുന്ന ദൈവത്തിന്റെ കാരുണ്യമേ........

യേശുവിൽ നമ്മുടെ നീതീകരണമായ ദൈവത്തിന്റെ കാരുണ്യമേ........

നമ്മുടെ ജീവിതത്തെ മുഴുവൻ പിൻതുടരുന്ന ദൈവത്തിന്റെ കാരുണ്യമേ.........

www.malankaralibrary.com

മരണനേരം പ്രത്യേകമായി ഞങ്ങളെ ആശ്ലേഷിക്കുന്ന ദൈവത്തിന്റെ കാരുണ്യമേ........

അമർത്യത നൽകി ഞങ്ങളെ ശക്തിപ്പെടുത്തുന്ന ദൈവത്തിന്റെ കാരുണ്യമേ........

ഞങ്ങളുടെ ജീവിതത്തിന്റെ ഓരോ നിമിഷത്തിലും ഞങ്ങളെ അനുഗമിക്കുന്ന ദൈവത്തിന്റെ കാരുണ്യമേ, അങ്ങയിൽ ഞാൻ ശരണപ്പെടുന്നു.

നിത്യനരകാഗ്നിയിൽ നിന്ന് ഞങ്ങളെ രക്ഷിക്കുന്ന ദൈവത്തിന്റെ കാരുണ്യമേ.......

കഠിനപാപികളുടെ മാനസാന്തരത്തിൽ  പ്രവർത്തിക്കുന്ന ദൈവത്തിന്റെ കാരുണ്യമേ.....

മാലാഖമാർക്ക് അത്ഭുതവും വിശ്വാസികൾക്ക് അഗ്രാഹ്യവുമായ ദൈവത്തിന്റെ കാരുണ്യമേ.........

ദൈവത്തിൻറ എല്ലാ രഹസ്യങ്ങളിലും വച്ച് ഏറ്റം ആഴമേറിയ ദൈവത്തിന്റെ കാരുണ്യമേ........

എല്ലാ ക്ലേശങ്ങളിൽനിന്നും ഞങ്ങളെ സംരക്ഷിക്കുന്ന ദൈവത്തിന്റെ കാരുണ്യമേ.........

ഞങ്ങളുടെ സന്തോഷത്തിന്റെയും ആനന്ദത്തിന്റെയും ഉറവിടമായ ദൈവത്തിന്റെ കാരുണ്യമേ..........

ഇല്ലായ്മയിൽനിന്ന് അസ്തിത്വത്തിലേക്ക് വിളിച്ച ദൈവത്തിന്റെ കാരുണ്യമേ.......

www.malankaralibrary.com

ദൈവത്തിന്റെ എല്ലാ പ്രവർത്തികളുടെയും മകുടമായ ദൈവത്തിന്റെ കാരുണ്യമേ......

ഞങ്ങളെല്ലാവരും എപ്പോഴും ആമഗ്നരായിരിക്കുന്ന ദൈവത്തിന്റെ കാരുണ്യമേ....

വേദനിക്കുന്ന ഹൃദയങ്ങൾക്ക് മധുരാശ്വാസമായ ദൈവത്തിന്റെ കാരുണ്യമേ........

നിരാശരായ ആത്മാക്കളുടെ ഏകശരണമായ ദൈവത്തിന്റെ കാരുണ്യമേ........

ഭയത്തിന്റെ മദ്ധ്യത്തിൽ ഹൃദയാശ്വാസമായ ദൈവത്തിന്റെ കാരുണ്യമേ........

പുണ്യാത്മാക്കളുടെ ആനന്ദവും പാരവശ്യവുമായ ദൈവത്തിന്റെ കാരുണ്യമേ........

എല്ലാ പ്രവർത്തികൾക്കും ഉത്തേജനം നൽകുന്ന ദൈവത്തിന്റെ കാരുണ്യമേ........

അനന്തകാരുണ്യത്തിന്റെ ഉറവിടമായ നിത്യ പിതാവായ ദൈവമേ, സഹാനുഭൂതിയുടെ അക്ഷയപാത്രമേ, ദയയോടെ ഞങ്ങളെ കടാക്ഷിക്കുകയും നിന്റെ കാരുണ്യം ഞങ്ങളിൽ വർദ്ധിപ്പിക്കുകയും ഞങ്ങളുടെ പ്രയാസങ്ങളിൽ നിരാശരും മ്ലാനവദനരുമാകാതെയും, കാരുണ്യവും സ്നേഹവും തന്നെയായ നിന്റെ തിരുമനസ്സിന് കൂടുതൽ ആത്മവിശ്വാസത്തോടെ ഞങ്ങളെത്തന്നെ സമർപ്പിക്കുവാൻ ശക്തമാക്കേണമെ.

ഓ, അഗ്രാഹ്യവും അനന്തവുമായ ദൈവത്തിന്റെ കാരുണ്യമേ!

യോഗ്യതയോടെ ആർക്ക് അങ്ങയെ ആരാധിക്കുവാൻ കഴിയും ?

www.malankaralibrary.com

അങ്ങേയറ്റം നന്മമാത്രമായ സർവ്വശക്തനായ ദൈവമേ, അങ്ങ് മാത്രമാണ് പാപികളുടെ മധുരപ്രതീക്ഷ. ഭൂമിയും കടലും നക്ഷത്രങ്ങളും അഗ്രാഹ്യമായ ദൈവത്തിൻറ കാരുണ്യത്തോട് ഒത്തുചേർന്ന് അതിമനോഹരമായ ഒരു സംഗീതസ്തുതിപ്പായിത്തീരുന്നു. (ബു. II പേജ് 295-297)

**ഉച്ചകഴിഞ്ഞ് മൂന്നുമണിക്ക് ഒരനുസ്മരണം.**

വി.ഫൗസ്റ്റീനാ രേഖപ്പെടുത്തിയിരിക്കുന്ന നമ്മുടെ കർത്താവിന്റെ വചനങ്ങൾ :-

www.malankaralibrary.com




**"എനിക്കു ദാഹിക്കുന്നു." വ്യാകുലയായ മാതാവേ, കർത്താവിന്റെ തിരുമുറിവുകളെ എന്റെ മനസ്സിൽ പതിച്ചുറപ്പിക്കണമെ,**

www.malankaralibrary.com

"3 മണിക്ക് നിങ്ങൾ എന്റെ കരുണക്കുവേണ്ടി അപേക്ഷിക്കുക, പ്രത്യേകിച്ച് പാപികൾക്കുവേണ്ടി: ഒരു നിമിഷനേരത്തേക്ക് മാത്രമാണെങ്കിലും എൻെറ പീഡാനുഭവത്തിലേക്ക് ആഴ്ന്നിറങ്ങുക. സഹനസമയത്ത് എല്ലാവരാലും പരിത്യക്തനായ എന്റെ അവസ്ഥയേപ്പറ്റി ധ്യാനിക്കുക."

"സമസ്തലോകത്തിനും വേണ്ടിയുള്ള എന്റെ അനന്തകാരുണ്യത്തിന്റെ മണിക്കൂറാണിത്. എന്റെ മരണകരമായ ദുഃഖത്തിൽ പങ്കാളികളാകുവാൻ ഞാൻ നിങ്ങളെ അനുവദിക്കും. എന്റെ പീഡാനുഭവത്തെ ഓർത്ത് സമർപ്പിക്കുന്ന ആത്മാവിന്റെ ഏതു യാചനയും ഞാൻ നിരസിക്കുകയില്ല."
(ബു.V പേ. 59)

എൻ മകളേ, നിന്നെ ഞാൻ ഓർമ്മിപ്പിക്കുന്നു, ഉച്ചകഴിഞ്ഞ് ക്ലോക്കിൽ 3 മണിയടിക്കുമ്പോഴൊക്കയും എന്റെ കരുണയെ ആരാധിച്ച് സ്തുതിച്ചുകൊണ്ട് അതിൽ പരിപൂർണ്ണമായി ധ്യാനിച്ചിരിക്കുക. മനുഷ്യവർഗ്ഗം മുഴുവനും വേണ്ടി പ്രത്യേകിച്ച് പാവപ്പെട്ട പാപികൾക്കുവേണ്ടി ദൈവത്തിൻറ കാരുണ്യശക്തിയോട് പ്രാർത്ഥിക്കുക. കാരണം, എല്ലാ ആത്മാക്കൾക്കും വേണ്ടി അതിവിശാലമായി തുറക്കപ്പെട്ട കാരുണ്യത്തിന്റെ മണിക്കൂറാണിത്. ഈ അനുഗ്രഹത്തിന്റെ മണിക്കൂറിൽ നിനക്കോ മറ്റുള്ളവർക്കുവേണ്ടിയോ അപേക്ഷിച്ച് പ്രാർത്ഥിക്കുന്ന ഏതുകാര്യവും, ആവശ്യപ്പെടുന്നതിനാൽ തന്നെ പ്രാപിക്കാവുന്നതാണ്. സമസ്ത ലോകത്തിനും വേണ്ടിയുള്ള കൃപയുടെ മണിക്കൂറാണിത്. നീതിയുടെ മേൽ വിജയം നേടിയ കരുണയുടെ മണിക്കൂർ."

"എന്റെ മകളേ, നിയമം നിന്നെ അനുവദിക്കുന്ന പക്ഷം ഈ മണിക്കൂറിൽ സ്ലീബാപാത നടത്തുവാൻ കഴിവിന്റെ പരമാവധി നീ ശ്രമിക്കുക. ഈ കുരിശിന്റെ വഴി നടത്തുവാൻ നിനക്ക് സാധിക്കുന്നില്ലെങ്കിൽ ഒരു നിമിഷം ചാപ്പലിൽ പോയി വി.കുർബാനയിൽ എഴുന്നെള്ളിയിരിക്കുന്ന കരുണനിറഞ്ഞ

www.malankaralibrary.com

എന്റെ ഹൃദയത്തെ ആരാധിക്കുക. അതിനും സാധ്യമല്ലെങ്കിൽ, ഒരു നിമിഷനേരത്തേക്കായാലും എന്റെ അനന്തകാരുണ്യത്തോടുള്ള പ്രാർത്ഥനയിൽ മുഴുകുക."

"എല്ലാ സൃഷ്ടികളും എന്റെ കരുണയെ ബഹുമാനിക്കണമെന്ന് ഞാനാവശ്യപ്പെടുന്നു.

ഈ മഹാരഹസ്യത്തെ ഏറ്റവും ആഴത്തിൽ ഗ്രഹിക്കുവാനുള്ള കൃപാവരം നിനക്ക് ഞാൻ നൽകിയിരിക്കുന്നതിനാൽ ആദ്യം നീ തന്നെ ഇതിനെ ബഹുമാനിക്കണം."
(ബു.V പേ. 145)

## ഉച്ചകഴിഞ്ഞ് മൂന്നുമണിക്ക് ചൊല്ലാവുന്ന ഉചിതമായ പ്രാർത്ഥനകൾ

യേശുവേ, സമസ്തലോകത്തിനും ജീവന്റെ ഉറവിടവും കരുണയുടെ കടലും തുറന്നു കൊണ്ടാണല്ലോ അങ്ങ് മരണം കൈവരിച്ചത്. ജീവന്റെ സംഭരണിയും, അനന്തകാരുണ്യത്തിന്റെ ഉറവിടവുമായ യേശുവേ, സർവ്വലോകത്തെയും അവിടുന്ന് ആവരണം ചെയ്യണമെ. അങ്ങയുടെ അനുഗ്രഹങ്ങൾ പൂർണ്ണമായി ചൊരിയണമേ." (ബു. IV പേ. 50)

യേശുവിന്റെ ഹൃദയത്തിൽനിന്നും ഞങ്ങൾക്കുവേണ്ടി കാരുണ്യസ്രോതസ്സായി ഒഴുകിയിറങ്ങിയ തിരുരക്തമേ, തിരുജലമേ, ഞാൻ അങ്ങയിൽ ശരണപ്പെടുന്നു."
(ബു. I പേ. 35)

www.malankaralibrary.com



**ഉദയകാലത്തിലെ നക്ഷത്രമേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.**

www.malankaralibrary.com

## ദൈവമാതാവിനോടുള്ള സമർപ്പണം

മറിയമേ, എന്റെ രാജ്ഞി, എന്റെ അമ്മേ, ഞാൻ എന്നെത്തന്നെ അമ്മയുടെ വിമലഹൃദയത്തിന് സമർപ്പിക്കുന്നു. ഞാനും എനിക്കുള്ള സമസ്തവും അങ്ങയുടേതാണ്. അങ്ങയുടെ കരുണയുടെ മേൽവസ്ത്രംകൊണ്ട് എന്നെ മറയ്ക്കേണമെ. എന്നെ അങ്ങയുടെ ഒരു പൈതലായി സംരക്ഷിക്കുകയും എന്റെ ആത്മാവിനെ സ്വർഗ്ഗത്തിൽ യേശുവിൻറ സവിധത്തിലേക്ക് സുരക്ഷിതമായി നയിക്കുകയും ചെയ്യണമെ. ഞാൻ അങ്ങേയ്ക്ക് സമർപ്പിക്കുന്നതിനെയെല്ലാം വിശുദ്ധീകരിക്കണമെ. അവ വഴിയായി ലോകത്തേയും ആത്മാക്കളേയും യേശുനാഥൻ രക്ഷിക്കുവാൻ കനിയട്ടെ. ആമ്മീൻ.

## സുകൃതജപങ്ങൾ

മറിയമേ, പാപരഹിതയായി യേശുവിനെ ഗർഭംധരിച്ചവളേ, അങ്ങയിൽ ശരണപ്പെടുന്നവർക്കുവേണ്ടി പ്രാർത്ഥിക്കണമെ. (മൂന്നു പ്രാവശ്യം) മറിയത്തിന്റെ വിമലഹൃദയമേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെ.

## പരിശുദ്ധ കന്യകാമറിയത്തിൻറ അമലോത്ഭവഹൃദയ ജപമാല

**ചൊല്ലേണ്ടരീതി:**

ആദ്യം, നമ്മുടെ രക്ഷകനായ യേശുവിന്റെ അഞ്ച് തിരുമുറിവുകളുടെ സ്തുതിക്കായി അഞ്ച് പ്രാവശ്യം കുരിശുവരയ്ക്കുക. സാധാരണ ജപമാലയുടെ **വലിയ മണിയിൽ ചൊല്ലേണ്ടത് :**
വ്യാകുലയായ മറിയത്തിന്റെ അമലോത്ഭവ ഹൃദയമെ, അങ്ങയിൽ ആശ്രയിക്കുന്ന ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെ.

**ചെറിയമണിയിൽ ചൊല്ലേണ്ടത് :**

പരിശുദ്ധ അമ്മേ, അങ്ങയുടെ അമലോത്ഭവ ഹൃദയത്തിലെ സ്നേഹാഗ്നിയാൽ ഞങ്ങളെ കാത്തുരക്ഷിക്കണമെ.
അതിനുശേഷം മൂന്നുപ്രാവശ്യം ത്രിത്വസ്തുതി ചൊല്ലുക.

ദൈവമാതാവേ അങ്ങയുടെ സ്നേഹാഗ്നിയുടെ അനുഗ്രഹീതമായ ഫലം മനുഷ്യവർഗ്ഗം മുഴുവൻമേൽ, ഇപ്പോഴും ഞങ്ങളുടെ മരണസമയത്തും ചൊരിയണമെ. ആമ്മീൻ.

"എന്റെ മക്കളേ, എന്റെ തിരുസുതൻ കരം പ്രഹരിക്കുവാൻ നീട്ടിക്കഴിഞ്ഞു: അവിടുത്തെ തടയുവാൻ പ്രയാസമാണ്. എന്നോട് സഹകരിക്കുക, സഹായത്തിനുവേണ്ടി എന്റെ സ്നേഹാഗ്നി നിങ്ങൾ യാചിക്കുകയാണെങ്കിൽ, ലോകം നശിക്കാതിരിക്കും. (അംഗീകൃത ഉറവിടങ്ങളിൽനിന്ന്)

**ദൈവകോപം ശമിപ്പിക്കുന്നതിനായി യേശു വി.ഫൗസ്റ്റീനായെ പഠിപ്പിച്ച പ്രാർത്ഥന**

നിത്യപിതാവേ, അങ്ങയുടെ ഏററവും പ്രിയപ്പെട്ട പുത്രനും ഞങ്ങളുടെ രാജാവും രക്ഷകനുമായ ഈശോമിശിഹായുടെ തിരുശരീരവും, തിരുരക്തതവും, ആത്മാവും, ദൈവത്വവും ഞങ്ങളുടെയും ലോകം മുഴുവന്റെയും പാപങ്ങൾക്ക് പരിഹാരമായി അങ്ങേയക്ക് ഞാൻ സമർപ്പിച്ചുകൊള്ളുന്നു. യേശുവിന്റെ ഏററം സങ്കടകരമായ പീഡകളെപ്രതി ഞങ്ങളുടെമേലും, ലോകം മുഴുവന്റെയും മേലും കൃപയായിരിക്കണമെ.
(ബു. I പേ. 196-197)

**യേശുവിന്റെ തിരുത്തോളിലെ തിരുമുറിവ്**

(ക്ലെയർ വൗക്സിലെ എഴുത്തുപുരുളുകളിൽ കാണുന്ന ഒരു സംഭവം : ഒരിക്കൽ വി. ബർണാർഡ് നമ്മുടെ കർത്താവിനോട്

www.malankaralibrary.com

"ആരാലും എഴുതപ്പെടാത്ത, അങ്ങയുടെ ഏററവും വലിയ സഹനം ഏതായിരുന്നു" എന്ന് ചോദിച്ചു. നമ്മുടെ കർത്താവ് ഇപ്രകാരം മറുപടി പറഞ്ഞു: "കുരിശും വഹിച്ചുകൊണ്ട് പോയ ആ വേദനയുടെ വഴിയിൽ എന്റെ തോളിൽ വളരെ ഗുരുതരമായ ഒരു മുറിവ് ഏററവും വലിയ വേദനയെ ഉളവാക്കിയിരുന്നു. മററ് മുറിവുകളേക്കാൾ വേദനാകരമായിരുന്നു ഇത്. മറ്റാരും ഇത് അറിയാത്തതിനാൽ ഇതുവരെ ആരും അത് രേഖപ്പെടുത്തിയിട്ടില്ല. ഈ മുറിവിനെ ഭക്തിപൂർവ്വം ആദരിക്കുക. ഈ മുറിവിന്റെ യോഗ്യതയാലും ശ്രേഷ്ഠതയാലും നീ ആവശ്യപ്പെടുന്ന എന്തും ഞാൻ തരുന്നതാണ്. ഈ മുറിവിനെ ആദരിക്കുന്ന ഏവരുടെയും ലഘുപാപങ്ങൾ പൂർണ്ണമായി ക്ഷമിക്കപ്പെടുകയും അവരുടെ മാരകപാപങ്ങൾ മറന്നുകളകയും ചെയ്യും.)

## തിരുത്തോളിലെ തിരുമുറിവിനോടുള്ള പ്രാർത്ഥന

അതിരറ്റ സ്നേഹമുള്ള ദിവ്യഈശോയേ, പ്രശാന്തനായ ദൈവത്തിന്റെ കുഞ്ഞാടേ, കഠിന പാപിയായ ഞാൻ അങ്ങയുടെ തിരുത്തോളിലെ തിരുമുറിവിനെ വണങ്ങുകയും ആരാധിക്കുകയും ചെയ്യുന്നു. അങ്ങയുടെ എത്രയും അനുഗ്രഹീതമായ ശരീരത്തിൽ ഏറ്റ മറ്റ് എല്ലാ മുറിവുകളേയുംകാൾ കുരിശുവഹിച്ചുകൊണ്ടുള്ള യാത്രയിൽ കൂടുതൽ വേദന അനുഭവിച്ചത് ഈ തിരുമുറിവിൽ നിന്നാണല്ലോ. ഞാൻ അങ്ങയെ ആരാധിക്കുന്നു. ഏറ്റവും വേദന അനുഭവിച്ച യേശുവേ, ഞാൻ അങ്ങയെ സ്തുതിക്കുന്നു. ഞാൻ പ്രാർത്ഥിക്കുകയും അങ്ങയെ മഹത്വപ്പെടുത്തുകയും ഏറ്റവും വേദനാകരമായ ഈ തിരുമുറിവിനെ പ്രതി അങ്ങയോട് നന്ദിപറയുകയും ചെയ്യുന്നു. അതിരറ്റ വേദനയേയും കുരിശിന്റെ ഭാരത്താലുള്ള തീവ്രമായ സഹനത്തേയും പ്രതി പാപിയായ ഞാൻ അങ്ങയോട് യാചിക്കുന്നു: എന്റെ എല്ലാ മാരകപാപങ്ങളും ലഘുപാപങ്ങളും മോചിക്കണമെ. കുരിശിന്റ പാതയിലൂടെ എന്നെ സ്വർഗ്ഗത്തിലേക്ക് നയിക്കുമാറാകണമെ. ആമ്മീൻ.

www.malankaralibrary.com

(താഴെകൊടുത്തിരിക്കുന്ന പ്രാർത്ഥന കുടുംബത്തിൽ ഒരാളെങ്കിലും ദിവസേന ഒരു പ്രാവശ്യമെങ്കിലും ചൊല്ലിയാൽ, കാരുണികനായ യേശു ആ കുടുംബത്തെ മുഴുവനായും രക്ഷിക്കുന്നതാണെന്ന് വിശുദ്ധ ഫൗസ്റ്റീനായോട് പറഞ്ഞിട്ടുണ്ട്.)

"എന്നെയും എന്റെ  കുടുംബത്തെയും ദൈവത്തിന്റെ അനന്തകാരുണ്യത്തിന് സമർപ്പിച്ചുകൊള്ളുന്നു."

## ദൈവകാരുണ്യത്തോടുള്ള ഒരു പ്രാർത്ഥന

(വി. ഫൗസ്റ്റീനായുടെ ഡയറിയിൽനിന്ന് എടുത്ത് എഴുതിയ പ്രാർത്ഥന.) (ബു. V പേ. 143)

പരമകാരുണ്യവാനായ ദൈവമേ, അനന്ത നന്മയെ, ഇന്ന് ലോകം മുഴുവനും ക്ലേശങ്ങളുടെ ആഴക്കടലിൽ നിന്നുകൊണ്ട് അവിടുത്തെ കാരുണ്യത്തോട് കേഴുന്നു അങ്ങയുടെ ദയയോട് വിളിച്ചപേക്ഷിക്കുന്ന അതിന്റെ അതിശക്തമായ എല്ലാ ദുഃഖങ്ങളിൽനിന്ന് നിലവിളിക്കുന്നു. കൃപാലുവായ ദൈവമെ, തിരസ്കൃതമായ ഈ ലോകത്തിന്റെ പ്രാർത്ഥന അങ്ങ് നിരസിക്കരുതെ. ഞങ്ങളുടെ ഗ്രഹണശക്തിക്കതീതമായ അനന്തനന്മയെ, ഞങ്ങളുടെ ക്ലേശങ്ങളും ദുരിതങ്ങളും അങ്ങേയറ്റം അനുഭവിച്ചറിഞ്ഞ സ്നേഹനാഥാ, ഞങ്ങളുടെതന്നെ ശക്തിയാൽ അങ്ങയുടെ പക്കലേക്ക് ഞങ്ങൾ വരുവാൻ തികച്ചും അശക്തതരാണ്. ആകയാൽ അങ്ങയുടെ കൃപാവരം മുൻകൂട്ടിത്തന്ന്, അങ്ങയുടെ കാരുണ്യം ഞങ്ങളിൽ വർദ്ധിപ്പിച്ച്, വിശ്വസ്തതാപൂർവ്വം ഞങ്ങളുടെ ജീവിതകാലം മുഴുവനും, പ്രത്യേകിച്ച് മരണസമയത്ത് അങ്ങയുടെ തിരുവിഷ്ടം നിറവേറുവാൻ അനുഗ്രഹിക്കണമെ. അങ്ങയുടെ അനന്തശക്തി സർവ്വശക്തി ഞങ്ങളുടെ രക്ഷയുടെ ശത്രുക്കൾക്ക് എതിരായി നില്ക്കുന്ന പരിചയായിരിക്കേണമെ. അവിടുത്തെ മക്കളെന്നനിലയിൽ, ഉറച്ച വിശ്വാസത്തോടെ അങ്ങയുടെ രണ്ടാമത്തെ വരവിനായി, അങ്ങേയ്ക്കുമാത്രം അറിയാവുന്ന ആ ദിവസത്തെ, പ്രത്യാശയോടെ കാത്തിരിക്കട്ടെ. നിരവധി

തിന്മകളാൽ നിറഞ്ഞവരാണെങ്കിലും അവിടുന്ന് ഞങ്ങളോട് ചെയ്ത വാഗ്ദാനങ്ങൾ ഞങ്ങൾക്ക് ലഭിക്കുമെന്ന് പ്രത്യാശിക്കുന്നു. അങ്ങയുടെ അനന്തകാരുണ്യ ഹൃദയത്തിലൂടെ, അതിലൂടെ തുറന്നു തന്ന വാതിലിലൂടെ സ്വർഗ്ഗത്തിൽ പ്രവേശിക്കട്ടെ. ആമ്മീൻ.

**വി. ഫൗസ്റ്റീനായുടെ പ്രാർത്ഥന**

യേശുവേ, കഷ്ടപ്പാടുകൾ സഹിക്കുന്നതിൽ എന്നെ തനിച്ചാക്കല്ലേ. ഞാൻ എത്ര ബലഹീനയാണെന്ന് അങ്ങേയ്ക്ക് അറിയാമല്ലൊ. ഞാൻ തിന്മയുടെ പടുകുഴിയിൽ കിടക്കുന്നു ഒന്നുമില്ലായ്മ മാത്രമാകുന്നു. അങ്ങ് എന്നെ തനിച്ചു വിടുകയാണെങ്കിൽ ഞാൻ വീഴും. അതെനിക്ക് എത്ര ആകസ്മികമായിരിക്കും! ഓ കർത്താവേ, ഞാൻ ഒരു ശിശുവാണ്. എനിക്ക് സ്വന്തമായി ഒന്നും ചെയ്യാൻ സാദ്ധ്യമല്ല. എന്നുവരികിലും, ഞാൻ എന്നെത്തന്നെ പരിപൂർണ്ണമായി അങ്ങയുടെ കരങ്ങളിൽ സമർപ്പിക്കുന്നു. ഞാൻ അങ്ങയിൽ ശരണപ്പെടുന്നു. എന്റെ ക്ലേശങ്ങളും വേദനകളും ഒന്നും കുറച്ചുകളയാതെ, അവയെല്ലാം സഹിക്കുന്നതിനുള്ള ശക്തിമാത്രം തന്നാൽ മതി. ഓ കർത്താവേ അങ്ങേയ്ക്ക് ഇഷ്ടമായ രീതിയിൽ എന്നോട് പ്രവർത്തിച്ചുകൊള്ളുക. ഏതു സാഹചര്യത്തിലും എന്തുസംഭവിച്ചാലും അങ്ങയെ സ്നേഹിക്കുന്നതിനുള്ള കൃപാവരം തരണമെ. എന്റെ കയ്പേറിയ പാനപാത്രത്തിലെ പാനീയത്തിന്റെ അളവ് കുറയ്ക്കരുതേ. അത് കുടിക്കുവാനുള്ള ശക്തി തരണമെയെന്ന് പ്രാർത്ഥിക്കുന്നു. ആമ്മീൻ.

(വി.ഫൗസ്റ്റീനായുടെ ഡയറിക്കുറിപ്പ്, (ബുക്ക് V പേജ് 99).

**കർത്താവിന്റെ അഞ്ചു തിരുമുറിവുകളോടുള്ള പ്രാർത്ഥന :**

കർത്താവായ യേശുവേ, എത്രയും വില തീരാത്ത അങ്ങയുടെ അഞ്ച് തിരുമുറിവുകളെ ഏറ്റവും ഭക്തതിയോടുകൂടി ആരാധിക്കുന്ന ഞങ്ങളുടെ ഹൃദയങ്ങളിൽ, അവ ആഴമായി

www.malankaralibrary.com

അങ്ങ് പതിക്കണമേ. ഞങ്ങളുടെ പ്രവർത്തികളിലും ജീവിതത്തിലും അത് ആഴമായി സ്വാധീനം ചെലുത്തട്ടെ. പിതാവിനും പുതനും പരിശു......(5 പ്രാവശ്യം).

## യേശുവിന്റെ തിരുമുഖത്തോടുള്ള അമ്മ ത്രേസ്യാപുണ്യവതിയുടെ പ്രാർത്ഥന

ഓ യേശുവേ, അങ്ങയുടെ കയ്പേറിയ പീഡാസഹനം അങ്ങയെ മനുഷ്യരുടെ മുൻപിൽ അതിദയനീയമായ ഒരു കാഴ്ചവസ്തുവാക്കുകയും, ദുഃഖത്തിന്റെ മനുഷ്യനാക്കിത്തീർക്കുകയും ചെയ്തതല്ലൊ. ഒരിക്കൽ സ്വർഗ്ഗീയ പ്രഭയാലും മാധുര്യത്താലും പ്രശോഭിച്ചിരുന്ന അങ്ങയുടെ തിരുമുഖത്തെ ഭക്ത്യാദരപൂർവ്വം ഞാൻ വന്ദിക്കുന്നു. ഇന്നിപ്പോൾ ആ തിരുമുഖം കുഷ്ഠരോഗിയുടേതുപോലെ വിരൂപമാക്കപ്പെട്ടിരിക്കുകയാണെങ്കിലും, അങ്ങയുടെ അനന്ത സ്നേഹത്തെ ഞാൻ തിരിച്ചറിയുകയും, അങ്ങയോടുള്ള സ്നേഹത്താൽ ഞാൻ പ്രചോതിതനായി എല്ലാ മനുഷ്യരേയും കൊണ്ട് അങ്ങയെ സ്നേഹിപ്പിക്കുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. അങ്ങയുടെ തൃക്കണ്ണുകളിൽ നിറഞ്ഞിരിക്കുന്ന കണ്ണുനീർത്തുള്ളികൾ എന്റെ ദൃഷ്ടിയിൽ വിലതീരാത്ത മുത്തുകളായി ഞാൻ കാണുന്നു. സ്നേഹാതിരേകത്തോടെ അതിനെ ശേഖരിച്ച് പാപികളുടെ വിലയായി കൊടുത്ത് വീണ്ടുരക്ഷിക്കുവാൻ ഇടയാകുമാറാകട്ടെ. ഓ യേശുവേ, എന്നെ അങ്ങയിലേക്കാകർഷിക്കുന്ന അങ്ങയുടെ തിരുമുഖം വഴിയായി ആ സ്വർഗ്ഗീയഛരായ എന്റെ ഹൃദയത്തിൽ അങ്ങയുടെ മഹിമയേറിയ തിരുമുഖത്തെ ധ്യാനിക്കുന്നതിനും എന്നെ യോഗ്യയാക്കിത്തീർക്കണമെ. ആമ്മീൻ.

**"ഈശോമറിയം ഞാൻ നിങ്ങളെ സ്നേഹിക്കുന്നു. ആത്മാക്കളെ രക്ഷിക്കണമെ" സിസ്ററർ എം. കൊൺസലത്തായോട് നമ്മുടെ കർത്താവ് സംസാരിച്ച വചനങ്ങൾ**

www.malankaralibrary.com

"ഭൂമിയിൽനിന്ന് സ്വർഗ്ഗത്തിലേക്ക് ഒരു സ്നേഹതരംഗം ഉയർന്നുവരണമെന്ന് ഞാനാഗ്രഹിക്കുന്നു. സ്നേഹത്തിന്റെ ഏററവും നിസ്സാരമായ വഴികളിലൂടെ നീ ആദ്യം (കൊൺസലത്താ) സഞ്ചരിക്കണം.

www.malankaralibrary.com



**ഈശോ മറിയം യൗസേപ്പേ ഞാൻ നിങ്ങളെ സ്നേഹിക്കുന്നു.**
**ആത്മാക്കളെ രക്ഷിക്കണമെ.**

www.malankaralibrary.com

ഒരിക്കൽ നീ ഒരു മാതൃകയായിതീരേണ്ടവളാണ്. ലോകം ഇപ്പോൾ കൊച്ചുത്രേസ്യായെ നോക്കുന്നതുപോലെ ഒരിക്കൽ ലോകത്തിലുള്ള കോടിക്കണക്കിന് ചെറിയ ആത്മാക്കൾ നിന്നെ നോക്കും." കർത്താവു പറഞ്ഞു: "ഈശോ മറിയം ഞാൻ നിങ്ങളെ സ്നേഹിക്കുന്നു, ആത്മാക്കളെ രക്ഷിക്കണമെ" എന്നു നീ നിരന്തരമായി ചൊല്ലണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. നീ രാവിലെ ഉണരുന്നതു മുതൽ രാത്രിയിൽ ഉറങ്ങുന്നതുവരെ ഇത് ആവർത്തിച്ച് ചൊല്ലണം. "കൊൺസാലാത്താ, നീ എന്നെ സ്നേഹിക്കുക. നിന്റെ സ്നേഹം എന്നെ ആനന്ദിപ്പിക്കുന്നു. തുടർച്ചയായി നീ എന്നെ സ്നേഹിക്കുക. മറ്റെല്ലാം മറക്കുക. നിന്റെ ഹൃദയം മഞ്ഞുകട്ടയോ ഇരുമ്പോ ആയിക്കൊള്ളട്ടെ, അതൊരു പ്രതിബന്ധവുമല്ല. തുടർച്ചയായ സ്നേഹത്തിന്റെ പ്രവാഹത്തിൽ എല്ലാം അടങ്ങുന്നു"

പരിശുദ്ധ ദൈവമാതാവ് 1917-ൽ ഫാത്തിമായിൽ പ്രത്യക്ഷപ്പെട്ടുകൊണ്ട് പറഞ്ഞു: "നിരവധി ആത്മാക്കൾ നശിച്ചുപോകുന്നു, കാരണം, അവർക്കുവേണ്ടി പ്രാർത്ഥിക്കാനാരുമില്ല".

നമ്മുടെ കർത്താവ് കൊൺസലാത്തായോട് പറഞ്ഞു "സ്നേഹത്തിന്റെ ഒരു പ്രവർത്തി ഒരാത്മാവിന്റെ നിത്യരക്ഷയെ സ്ഥിരപ്പെടുത്തിയെന്നുവരാം, എന്ന കാര്യം ഓർമ്മിക്കുക."

“ഈശോമറിയം, ഞാൻ നിങ്ങളെ സ്നേഹിക്കുന്നു, ആത്മാക്കളെ രക്ഷിക്കണേ'' എന്ന പ്രാർത്ഥന ഒരു പ്രാവശ്യം ചൊല്ലാതിരുന്നാൽ അതിനെപ്രതി മനഃസ്തപിക്കുക' സമയം നഷ്ടപ്പെടുത്തരുത്. ഓരോ “ഈശോ മറിയം നിങ്ങളെ ഞാൻ സ്നേഹിക്കുന്നു, ആത്മാക്കളെ രക്ഷിക്കണേ” എന്ന പ്രാർത്ഥന ഒരാത്മാവിനെ രക്ഷിക്കുന്നു.

(അംഗീകൃത ഗ്രന്ഥങ്ങളിൽനിന്ന്)

www.malankaralibrary.com

**ആത്മാക്കൾക്ക് വേണ്ടിയുള്ള പ്രാർത്ഥന**

ഞങ്ങളുടെ കർത്താവേ, അവിടുത്തെ അനന്ത സ്നേഹത്താൽ സകല പാപികളോടും ക്ഷമിക്കുകയും അവിടുത്തെ നീതിയുടെ മാർഗ്ഗത്തിലേക്ക് അവരെ നയിക്കുകയും ചെയ്യണമെ. അവരെയും അവരോടു ബന്ധപ്പെട്ടവരേയും, സകല തിന്മകളിൽ നിന്നും സംരക്ഷിച്ചുകൊള്ളണമേ. തിന്മ പ്രവർത്തിച്ചിട്ടുള്ള എല്ലാവരേയും വീണ്ടെടുക്കണമെ. ദൈവാനുഗ്രഹം അവരെല്ലാവരുടെയും മേൽ ഉണ്ടാകുമാറാകണമെ. അവിടുന്ന് എന്റെ ദൈവവും എന്റെ സമസ്തവുമാകുന്നു. എന്റെ യേശുവേ!" എന്റെ കാരുണ്യവാനേ; കരുണയുടെ രാജാവേ ! ഞാൻ അങ്ങയിൽ ശരണപ്പെടുന്നു.. യേശുവേ, മറിയമെ, യൗസേപ്പേ ഞാൻ നിങ്ങളെ സ്നേഹിക്കുന്നു. ആത്മാക്കളെ രക്ഷിക്കണമേ. ആമ്മീൻ.

**ദൈവകാരുണ്യഭക്തി പ്രചരിപ്പിക്കുന്നവരെപ്പറ്റി യേശുനാഥൻ ഇങ്ങനെ അരുളിച്ചെയ്തു:-**

"ഒരമ്മ തന്റെ കുഞ്ഞിനെ അപകടങ്ങളിൽ നിന്ന് എങ്ങനെ സംരക്ഷിക്കുമോ അതുപോലെ ദൈവകാരുണ്യഭക്തി പ്രചരിപ്പിക്കുന്നവരെ ഞാൻ സംരക്ഷിക്കും. മരണസമയത്ത് ഞാൻ അവരുടെ വിധിയാളനായിരിക്കുകയില്ല. മറിച്ച് രക്ഷകനായിരിക്കും."
(വി.. ഫൗസ്റ്റീനായുടെ ഡയറിക്കുറിപ്പ് ബുക്ക് III പേജ് 20-21).

www.malankaralibrary.com

